01
2024
മാർച്ച്
വെള്ളി
കുംഭം 17

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.144 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-144 | പേജ് 4. വില 2.00 രൂപ




02 രാജ്യസഭാ സീറ്റ് ലീഗിന്; പരസ്യ പ്രതികരണം വിലക്കി നേതൃത്വം

03 സഞ്ചാരികളുടെ വരവിൽ വൻ വർദ്ധന; കോവളത്തിന് പ്രതീക്ഷ

04 ഹിമാചലിൽ നാടകീയ നീക്കങ്ങൾ; 15 ബിജെപി എംഎൽഎമാർക്ക് സസ്പെൻഷൻ

# പൂന്തുറ ജിയോട്യൂബ് തീരസംരക്ഷണ പദ്ധതി പ്രാഥമികഘട്ടം വിജയം

തിരുവനന്തപുരം: കടൽക്ഷോഭത്തെ നേരിടുന്നതിനായി തിരുവനന്തപുരം പൂന്തുറയിൽ നടപ്പാക്കുന്ന ജിയോട്യൂബ് തീരസംരക്ഷണ പദ്ധതിയുടെ പ്രാഥമിക ഘട്ടം ആശാവഹമാണെന്നും നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുമെന്നും ഫിഷറീസ് മന്ത്രി സജി ചെറിയാൻ പറഞ്ഞു. കൂടുതൽ ഡ്രെഡ്ജറുകളും ബാർജുകളും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി പദ്ധതി വേഗത്തിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്നും അവലോകന യോഗത്തിന് ശേഷം മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

പൂന്തുറ തീരം സംരക്ഷിക്കുന്നതിന് 750 മീറ്റർ നീളത്തിലാണ് ജിയോ ട്യൂബ് സ്ഥാപിക്കുന്നത്. ഇതിൽ 200 മീറ്ററിലെ പ്രവർത്തനം പൂർത്തിയായി. ഈ സീസണിൽ ബാക്കി 500 മീറ്റർ പൂർത്തിയാക്കാൻ കരാറുകാരോട് ആവശ്യപ്പെടുമെന്നും മന്ത്രി പറഞ്ഞു.

പൂന്തുറയിലെ ജിയോ ട്യൂബ് സ്ഥാപിക്കൽ കഴിഞ്ഞാൽ അതിൻറെ തുടർച്ചയായി ശംഖുമുഖം വരെയുള്ള പ്രവർത്തനം കാലതാമസമില്ലാതെ നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു. പൂന്തുറയിലെ ആദ്യഘട്ടം വിജയകരമാണ്. ഇവിടെ തീരം രൂപപ്പെട്ടുകഴിഞ്ഞു. പൈലറ്റ് പ്രൊജക്ട് വിജയമായാൽ സംസ്ഥാനത്തെ തീരദേശം മുഴുവൻ ഈ രീതി വ്യാപിപ്പിക്കുന്നത് ആലോചിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.സംസ്ഥാനത്ത് ഏറ്റവുമധികം കടലാക്രമണം നേരിടുന്ന പൂന്തുറ മുതൽ ശംഖുമുഖം വരെയുള്ള പ്രദേശത്ത് പൈലറ്റ് പൊജക്ട് എന്ന നിലയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഓഫ് ഷോർ ബ്രേക്ക് വാട്ടർ പദ്ധതി സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (കെ.എസ്.സി.എ.ഡി.സി) മുഖേനയാണ് നടപ്പാക്കുന്നത്. ഇതിനായി സംസ്ഥാന സർക്കാർ 150 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പാറ ഉപയോഗിച്ച് നടത്തുന്ന തീരസംരക്ഷണ രീതിക്ക് പകരം 12 മീറ്റർ മുതൽ 15 മീറ്റർ വരെ വ്യാസമുള്ള ഭീമാകാരമായ ജിയോ ട്യൂബിൽ (250 ടൺ) മണൽ നിറച്ച് കടലിൽ 8 മീറ്റർ വരെ ആഴമുള്ള പ്രദേശങ്ങളിൽ സ്ഥാപിക്കുന്ന രീതിയാണ് ഓഫ് ഷോർ ബ്രേക്ക് വാട്ടർ പദ്ധതിയിൽ അവലംബിച്ചിരിക്കുന്നത്. കടലാക്രമണത്തെ ചെറുക്കുന്നതിനൊപ്പം ലാഭകരമായ പദ്ധതി എന്ന നിലയിലും ജിയോ ട്യൂബ് പ്രസക്തമാണെന്ന് യോഗത്തിൽ സംബന്ധിച്ച ആൻറണി രാജു എംഎൽഎ പറഞ്ഞു. കടൽഭിത്തിക്കായി പാറകൾ ഇടുന്നതിൻറെ പത്തിലൊന്ന് ചെലവ് മാത്രമേ വരുന്നുള്ളൂ. ജിയോ ട്യൂബ് പ്രകൃതിസൗഹൃദവും സുരക്ഷിതവുമാണെന്നും അദ്ദേഹം പറഞ്ഞു. കടലിലെ വളരെയധികം പ്രതിബന്ധങ്ങളെ തരണം ചെയ്ത് ചുരുങ്ങിയ സമയം കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും തീരസംരക്ഷണത്തിൻറെ ഭാഗമായുള്ള ഈ നൂതന പദ്ധതി പ്രക്ഷുബ്ദമായ കടലോരമുള്ള പ്രദേശത്ത് നടപ്പിലാക്കുന്ന ഇന്ത്യയുടെ ആദ്യ പദ്ധതിയാണെന്നും കെ.എസ്.സി.എ.ഡി.സി എംഡി പിഐ ഷെയ്ക്ക് പരീത് പറഞ്ഞു.ഭൗമശാസ്ത്ര മന്ത്രാലയത്തിലെ ആഴക്കടൽ ദൗത്യ വിഭാഗം ഡയറക്ടറും നാഷണൽ സെൻറർ ഫോർ കോസ്റ്റൽ റിസർച്ച് (എൻസിസിആർ) ഡയറക്ടറുമായ എം.വി രമണമൂർത്തി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷൻ ടെക്നോളജിയിലെ ശാസ്ത്രജ്ഞ ഡോ. വിജയ രവിചന്ദ്രൻ, കൗൺസിലർ മേരി ജിപ്സി, എച്ച്ഇഡി ചീഫ് എൻജിനീയർ മുഹമ്മദ് അൻസാരി, നാഷണൽ ഇൻസ്സിറ്റ്യൂട്ട് ഓഫ് ഓഷൻ ടെക്നോളജിയിലെ ശാസ്ത്രജ്ഞൻ കിരൺ എ.എസ്, ഫാ. ഡാർവിൻ പീറ്റർ, പദ്ധതിയുടെ കരാർ കമ്പനിയായ ഡിവിപിജിസിസിയുടെ പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ സംബന്ധിച്ചു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷൻ ടെക്നോളജി (എൻഐഒടി), നാഷണൽ സെൻറർ ഫോർ കോസ്റ്റൽ റിസർച്ച് (എൻസിസിആർ) എന്നീ കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളാണ് പൂന്തുറയിലെ ഓഫ് ഷോർ ബ്രേക്ക് വാട്ടർ പദ്ധതിയുടെ പഠനം നിർവ്വഹിച്ചത്. പാറയ്ക്കു പകരം ജിയോ ട്യൂബ് ഉപയോഗിച്ചുള്ള സംവിധാനം പരിസ്ഥിതി സൗഹൃദവും കേരള തീരത്തിന് അനുയോജ്യവും ചെലവ് കുറഞ്ഞതുമാണെന്ന ഈ സ്ഥാപനങ്ങൾ കണ്ടെത്തി. പൂന്തുറയിൽ 20.73 കോടി രൂപയുടെ പദ്ധതിക്കാണ് കിഫ്ബി അംഗീകാരം നൽകിയത്. 2022 ഫെബ്രുവരി മുതൽ ഏപ്രിൽ വരെയുള്ള കാലയളവിൽ പദ്ധതി 100 മീറ്റർ പൂർത്തീകരിച്ചു. രണ്ടു വർഷത്തിന് ശേഷം നടത്തിയ ആഴക്കടൽ പഠനത്തിൽ ഈ പ്രദേശത്ത് വൻതോതിൽ കര രൂപപ്പെട്ടതായും ജിയോ ട്യൂബ് കേന്ദ്രീകരിച്ച് മത്സ്യങ്ങളുടെയും കടൽജീവികളുടെയും പ്രജനനം ഉണ്ടായതായും തെളിഞ്ഞു. ഇതിനെ തുടർന്നാണ് ശേഷിക്കുന്ന നിർമ്മാണം ത്വരിതഗതിയിൽ പൂർത്തിയാക്കാൻ തീരുമാനമായത്.



പൂന്തുറയിലെ ജിയോട്യൂബ് തീരസംരക്ഷണ പദ്ധതി അവലോകന യോഗത്തിൽ ഫിഷറീസ് മന്ത്രി സജി ചെറിയാൻ സംസാരിക്കുന്നു.

## സിദ്ധാർഥന്റെ മരണം: എസ്എഫ്ഐ കോളജ് യൂണിയൻ പ്രസിഡന്റും യൂണിറ്റ് സെക്രട്ടറിയും കീഴടങ്ങി

കൽപറ്റ : വയനാട് പൂക്കോട് വെറ്ററിനറി കോളജ് വിദ്യാർഥി സിദ്ധാർഥന്റെ മരണത്തിൽ എസ്എഫ്ഐ കോളജ് യൂണിയൻ പ്രസിഡന്റ് കെ. അരുണും യൂണിറ്റ് സെക്രട്ടറി അമൽ ഇഹ്സാനും കീഴടങ്ങി. കൽപറ്റ ഡിവൈഎസ്പി ഓഫിസിലെത്തിയാണ് കീഴടങ്ങിയത്. ഇവരുടെ അറസ്റ്റ് വെള്ളിയാഴ്ച രേഖപ്പെടുത്തും. കേസിൽ ഇനി എട്ടു പേരെയാണ് പിടികൂടാനുള്ളത്.

എസ്എഫ്ഐ യൂണിറ്റ് അംഗം ഇടുക്കി രാമക്കൽമേട് സ്വദേശി എസ്. അഭിഷേക് (23), തിരുവനന്തപുരം സ്വദേശികളായ രെഹാൻ ബിനോയ് (20), എസ്.ഡി. ആകാശ് (22), ആർ.ഡി. ശ്രീഹരി, തൊടുപുഴ സ്വദേശി ഡോൺസ് ഡായ് (23), വയനാട് ബത്തേരി സ്വദേശി ബിൽഗേറ്റ്സ് ജോഷ്വ (23) എന്നിവരാണു നേരത്തെ പിടിയിലായത്. ആത്മഹത്യാപ്രേരണ, റാഗിങ്, മർദനം എന്നീ കുറ്റങ്ങളാണ് ചുമത്തിയിരിക്കുന്നത്.

സിദ്ധാർഥന്റെ മരണത്തിൽ പ്രത്യേക അന്വേഷണസംഘം രൂപീകരിച്ചിരുന്നു. വയനാട് എസ്പിയാണ് സിദ്ധാർഥിന്റെ മരണവുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ മേൽനോട്ടം വഹിക്കുന്നത്. കൽപറ്റ ഡിവൈഎസ്പിയാണ് അന്വേഷണ ഉദ്യോഗസ്ഥൻ. ഒരു ഡിവൈഎസ്പി കൂടി പ്രത്യേകസംഘത്തിൽ ഉൾപ്പെടും.

സിദ്ധാർഥന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ പ്രധാന പ്രതി അഖിലിനെ പാലക്കാട് നിന്നു പൊലീസ് പിടികൂടിയിരുന്നു. കൂടാതെ വിദ്യാർഥികളുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ഹോസ്റ്റലിൽനിന്ന് 8 പേരെ പൊലീസ് ചോദ്യം ചെയ്യാൻ വിളിച്ചുവരുത്തുകയും ഇവരിൽ 6 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. പ്രതികളായ എസ്എഫ്ഐ യൂണിറ്റ് സെക്രട്ടറി അമൽ ഇസ്ഹാൻ, കോളജ് യൂണിയൻ പ്രസിഡന്റ് കെ.അരുൺ, യൂണിയൻ അംഗം ആസിഫ് ഖാൻ എന്നിവരടക്കം 11 പേർ ഒളിവിലായിരുന്നു.

അതേസമയം കേസിന്റെ അന്വേഷണ പുരോഗതി ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ ഡിജിപി അറിയിച്ചു. പ്രത്യേക സംഘം കേസ് അന്വേഷിക്കുമെന്നും ഏഴ് പ്രതികളെ അറസ്റ്റ് ചെയ്തുവെന്നും ഗവർണറെ ഡിജിപി അറിയിച്ചു. സിദ്ധാർഥന്റെ കുടുംബം നൽകിയ പരാതി ഗവർണർ ഡിജിപിക്ക് കൈമാറിയിരുന്നു. ഇതിനെ തുടർന്നാണു ഡിജിപി ഗവർണറെ വിശദാംശങ്ങൾ അറിയിച്ചത്.

## മുഖ്യമന്ത്രിക്കും മകൾക്കും സിഎംആർഎല്ലിനുമെതിരായ ഹർജി ഫയലിൽ സ്വീകരിച്ച് കോടതി

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയനും മകൾ വീണ വിജയനും സിഎംആർഎൽ കന്പനിക്കുമെതിരെ അന്വേഷണം ആവശ്യപ്പെട്ട് മാത്യു കുഴൽനാടൻ എംഎൽഎ നൽകിയ ഹർജി കോടതി ഫയലിൽ സ്വീകരിച്ചു.

ഹർജി ഫയലിൽ സ്വീകരിക്കുന്നതിനെ സർക്കാർ അഭിഭാഷകൻ എതിർത്തു. ഹർജി ഫയലിൽ സ്വീകരിച്ച കോടതി അടുത്ത മാസം 14ന് റിപ്പോർട്ട് നൽകാൻ വിജിലൻസ് ഡയറക്ടറോട് നിർദേശിച്ചു.

സിഎംആർഎൽ കമ്പനിക്ക് തോട്ടപ്പള്ളിയിൽ നിന്നും കരിമണൽ കടത്താൻ സർക്കാർ ഒത്താശ ചെയ്തതടക്കം നിരവധി ആരോപണങ്ങളാണ് ഹർജിയിൽ ഉന്നയിക്കുന്നത്. പൊതുമേഖല സ്ഥാപനമായ കെഎംഎംഎല്ലിനെ മുൻനിർത്തി സ്വകാര്യ കമ്പനിയെ സഹായിക്കാൻ മുഖ്യമന്ത്രി നേരിട്ട് നീക്കം നടത്തിയെന്നാണ് പ്രധാന ആരോപണം.

## ഇസ്രയേൽ സൈന്യത്തിന്റെ വെടിവയ്പ്; 104 മരണം

ജറുസലം : ഗാസ സിറ്റിയിൽ സഹായ വിതരണകേന്ദ്രത്തിനു സമീപം കാത്തുനിന്ന പലസ്തീനികളുടെ നേരെ ഇസ്രയേൽ സൈന്യം നടത്തിയ വെടിവയ്പിൽ 104 പേർ മരിച്ചു. എഴുന്നൂറിലധികം പേർക്ക് പരുക്കേറ്റതായി പലസ്തീൻ ആരോഗ്യമന്ത്രാലയം അറിയിച്ചു. പടിഞ്ഞാറൻ മേഖലയിൽ നബുൾസിക്കു സമീപം അവശ്യസാധനങ്ങൾ എത്തിക്കുന്ന ട്രക്കിൽനിന്നു സാധനങ്ങൾ എടുക്കുന്നതിനിടെയാണ് വെടിവയ്പുണ്ടായതെന്ന് ദൃക്സാക്ഷികൾ പറഞ്ഞു.

”സഹായം നിറച്ച ട്രക്കുകൾ പ്രദേശത്തുണ്ടായിരുന്ന ചില സൈനിക ടാങ്കുകൾക്ക് വളരെ അടുത്ത് വന്നു, ആയിരക്കണക്കിന് ആളുകൾ ട്രക്കുകളിലേക്ക് ഇരച്ചുകയറി.” ദൃക്സാക്ഷി പറഞ്ഞു. ടാങ്കുകൾക്ക് സമീപം ആളുകൾ വന്നതോടെയാണ് സൈന്യം വെടിയുതിർത്തത്.

സൈന്യം ആക്രമിച്ച കാര്യം ഇസ്രയേൽ ഉദ്യോഗസ്ഥർ സ്ഥിരീകരിച്ചു. ജനക്കൂട്ടം ഭീഷണിപ്പെടുത്തുന്ന രീതിയിൽ പ്രതികരിച്ചതിനെ തുടർന്നാണ് വെടിയുതിർക്കേണ്ടി വന്നതെന്ന് അവർ വ്യക്തമാക്കി. ആൾക്കൂട്ടം ട്രക്ക് നശിപ്പിക്കാൻ ശ്രമിച്ചെന്നും ഇസ്രയേൽ സൈന്യം പറഞ്ഞു. സഹായവുമായി എത്തിയ ട്രക്ക് ആളുകൾ വളയുകയും വിതരണം ചെയ്യുന്നതിനായി എത്തിച്ച സാധനങ്ങൾ കൊള്ളയടിക്കുകയും ചെയ്തെന്നായിരുന്നു ഇസ്രയേൽ സൈന്യത്തിന്റെ ആദ്യ പ്രതികരണം. പരുക്കേറ്റവരെ ഗാസയിലെ വിവിധ ആശുപത്രികളിലേക്ക് മാറ്റി. മരണസംഖ്യ ഇനിയും ഉയർന്നേക്കുമെന്ന് അധികൃതർ പറഞ്ഞു.

ഇതോടെ സംഘർഷത്തിൽ മരിച്ച ആകെ പലസ്തീൻകാരുടെ എണ്ണം 30,000 കടന്നതായി പലസ്തീൻ ആരോഗ്യ മന്ത്രാലയം അറിയിച്ചു. അവശ്യവസ്തുക്കളുടെ ക്ഷാമം ഗാസയിൽ അതിരൂക്ഷമാണ്. ഗാസയിലെ കമാൽ അഡ്വാൻ ആശുപത്രിയിൽ 2 ശിശുക്കൾ ഭക്ഷണവും വെള്ളവും ലഭിക്കാതെ മരിച്ചിരുന്നു. ഈജിപ്ത് അതിർത്തിയിലെ റഫ നഗരത്തിൽ അഭയം തേടിയിട്ടുള്ള 13 ലക്ഷം പലസ്തീൻകാരും കടുത്ത ക്ഷാമ ഭീഷണിയിലാണ്.

ഗാസയിലെ 2.4 ദശലക്ഷം ജനങ്ങളിൽ ബഹുഭൂരിപക്ഷവും പട്ടിണിയിലാണെന്ന് യുഎൻ വ്യക്തമാക്കി. പോരാട്ടം രൂക്ഷമായ വടക്കൻ മേഖലയിൽ സഹായ വിതരണം ഏതാണ്ട് അസാധ്യമാണ്. പലസ്തീൻ അഭയാർത്ഥികൾക്കായുള്ള യുഎൻ ഏജൻസിയായ യുഎൻആർഡബ്ല്യുഎയുടെ കണക്കനുസരിച്ച് ഫെബ്രുവരിയിൽ 2300 സഹായ ട്രക്കുകളാണ് ഗാസയിൽ എത്തിയത്. ജനുവരിയെ അപേക്ഷിച്ച് ഏകദേശം 50 ശതമാനത്തോളം കുറവാണ് ഇത്.

## അരക്കോടിയുടെ സ്വർണ മിശ്രിതം പിടികൂടി

നെടുമ്പാശേരി: കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ എയർ കസ്റ്റംസ് ഇൻറലിജൻസ് വിഭാഗം അരക്കോടിയോളം രൂപ വിലയുള്ള സ്വർണ മിശ്രിതം പിടിച്ചു. ബഹറിനിൽ നിന്നും ഗൾഫ് എയർ വിമാനത്തിൽ വന്ന കോഴിക്കോട് സ്വദേശി ഇസ്മായിലാണ് സ്വർണം അനധികൃതമായി കടത്തിക്കൊണ്ടു പോകാൻ ശ്രമിച്ചത്.

സ്വർണമിശ്രിതം 4 ക്യാപ്സ്യൂളുകളാക്കി പ്രത്യേക കവറിൽ വച്ച് ശരീരത്തിൽ ഒളിപ്പിച്ചിരിക്കുകയായിരുന്നു. 877. 92 ഗ്രാം സ്വർണമിശ്രിതമാണ് ഇയാൾ കൊണ്ടുവന്നത്. പരിശോധനകൾ പൂർത്തിയാക്കി പുറത്തുള്ള ഗേറ്റിൽ കൂടി കടക്കുന്നതിനിടെ സംശയം തോന്നിയ ഉദ്യോഗസ്ഥർ ഇയാളെ മാറ്റിനിർത്തി കൂടുതൽ പരിശോധന നടത്തുകയായിരുന്നു.

## കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വൈജ്ഞാനിക പുസ്തകമേള മാർച്ച് 1 മുതൽ 7 വരെ

കേരള സർക്കാർ സാംസ്കാരിക വകുപ്പിനു കീഴിലുള്ള കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 1 മുതൽ 7 വരെ തിരുവനന്തപുരം അയ്യൻകാളി ഹാളിൽ മെഗാപുസ്തകമേള സംഘടിപ്പിക്കും. ശാസ്ത്രം, എൻജിനിയറിങ്, ഭാഷ, സാഹിത്യം, കലകൾ, സാമൂഹികശാസ്ത്രം, ചരിത്രം, ഭൂമിശാസ്ത്രം, ഭാഷാശാസ്ത്രം, കൃഷി, കായികം, ഗണിതശാസ്ത്രം, രസതന്ത്രം, ഭൗതികശാസ്ത്രം, ആരോഗ്യശാസ്ത്രം, ജന്തുശാസ്ത്രം, ഇൻഫർമേഷൻ ടെക്നോളജി, ഫോക്ലോർ, നാടകം, സംഗീതം, സിനിമ, ചിത്രകല, കേരള ചരിത്രം, ഇന്ത്യചരിത്രം, ലോകചരിത്രം, രാഷ്ട്രതന്ത്രം, സാമ്പത്തികശാസ്ത്രം, ടൂറിസം, മാനേജ്മെന്റ് , സഹകരണം, വിദ്യാഭ്യാസം, മനഃശാസ്ത്രം, തത്വശാസ്ത്രം, നിയമം, ആധ്യാത്മികം, ജേണലിസം, ജീവചരിത്രം, സ്ത്രീപഠനം, ശബ്ദാവലികൾ, നിഘണ്ടുക്കൾ, പദകോശം തുടങ്ങിയ വിഭാഗങ്ങളിൽ വൈവിധ്യമാർന്ന ഗ്രന്ഥങ്ങൾ ലഭ്യമാണ്.

മേളയുടെ ഉദ്ഘാടനം വെള്ളിയാഴ്ച വൈകിട്ട് 4 മണിക്ക് സാംസ്കാരിക വകുപ്പു ഡയറക്ടർ എൻ. മായ നിർവഹിക്കും. ഡയറക്ടർ ഡോ.എം. സത്യൻ ആധ്യക്ഷത വഹിക്കും. 1600 രൂപ വിലയുള്ള കേരള ഭാഷാ നിഘണ്ടു 1000 രൂപയ്ക്ക് ലഭിക്കും. കൂടാതെ യു.ജി.സി അംഗീകരിച്ച ജേർണലായ വിജ്ഞാനകൈരളിയുടെ വരിക്കാരാവുന്നതിനും സൗകര്യമുണ്ട്. ദിവസവും രാവിലെ 9 മുതൽ രാത്രി 8 മണി വരെയാണ് മേള. ഫോൺ : 9020209919, 9447956162, 9447956162.






*ടെക്നോപാർക്കിൽ നടന്ന പ്രതിധ്വനി ഗെയിംസിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ യു.എസ്.ടി ടീമിന് നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി പി.രാജീവ് ട്രോഫി സമ്മാനിക്കുന്നു. മുൻ കേരള ക്രിക്കറ്റ് ടീം ക്യാപ്റ്റൻ റൈഫി വിൻസെൻറ് ഗോമസ് സമീപം.*

# ടെക്കികളുടെ പ്രതിധ്വനി ഗെയിംസ് സമ്മാനവിതരണം മന്ത്രി പി. രാജീവ് നിർവഹിച്ചു

## യുഎസ്ടി ഓവറോൾ ചാമ്പ്യൻമാർ

തിരുവനന്തപുരം: ടെക്നോപാർക്കിലെ ഒരു മാസം നീണ്ടുനിന്ന ടെക്കികളുടെ കായികമേളയായ പ്രതിധ്വനി ഗെയിംസിന് സമാപനം. സമാപനത്തോടനുബന്ധിച്ച് നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി പി. രാജീവ് വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. മുൻ കേരള ക്രിക്കറ്റ് ടീം ക്യാപ്റ്റൻ റൈഫി വിൻസെൻറ് ഗോമസ് വിശിഷ്ടാതിഥിയായി.

വോളീബോൾ, ബാസ്കറ്റ്ബോൾ, ബാഡ്മിൻറൺ, ടേബിൾ ടെന്നീസ്, ആം റെസ്ലിംഗ്, കാരംസ്, ചെസ്സ്, നീന്തൽ, 8 ബോൾ പൂൾ, ത്രോബോൾ എന്നീ 10 ഗെയിംസ് ഇനങ്ങളിലായി 32 വിഭാഗങ്ങളിലാണ് മത്സരം സംഘടിപ്പിച്ചത്. 2 ലക്ഷം രൂപയുടെ ക്യാഷ് പ്രൈസുകളും 120 ട്രോഫികളും 250 മെഡലുകളും സർട്ടിഫിക്കറ്റുകളും ചടങ്ങിൽ വിതരണം ചെയ്തു.

ജനുവരി 20 മുതൽ ഫെബ്രുവരി 23 വരെ ടെക്നോപാർക്ക് ക്ലബ് ഹൗസിൽ നടന്ന ഗെയിംസ് മത്സരങ്ങളിൽ നൂറിലധികം ഐടി കമ്പനികളിൽ നിന്നുള്ള 1500 ലധികം ഐടി ജീവനക്കാർ പങ്കെടുത്തു.

166 പോയിൻറുകൾ നേടി യുഎസ്ടി ഗ്ലോബൽ ഓവറോൾ ചാമ്പ്യൻമാരായി. 137 പോയിൻറുമായി ഇൻഫോസിസ് രണ്ടാം സ്ഥാനം കരസ്ഥമാക്കി. ഗെയിംസ് ടൂർണമെൻറിലെ മികച്ച വ്യക്തിഗത ചാമ്പ്യൻമാരായി ഗൗതം ബീര (യുഎസ്ടി), ദിവ്യ. ആർ (അലയൻസ്) എന്നിവരെ തിരഞ്ഞെടുത്തു.

ദേശീയ മാസ്റ്റേഴ്സ് ടൂർണമെൻറിലെ വിജയികളായ സുഹൈൽ (ഏണസ്റ്റ് ആൻറ് യങ്), മനുലാൽ (ആർആർഡി), ശ്രീകാന്ത് ശശിധരൻ (അലയൻസ്), എന്നിവരെയും ഇൻക്രെഡിബിൾ ബുക്ക് ഓഫ് റെക്കോർഡിനു ഉടമയായ പ്രായം കുറഞ്ഞ വെജിറ്റേറിയൻ പവർ ലിഫ്റ്റർ ഭാസ്കർ. എസ് (അലയൻസ്) എന്നിവരേയും ചടങ്ങിൽ ആദരിച്ചു.

ഗെയിംസ് ഇനങ്ങളായ ബാസ്ക്കറ്റ്ബോളിൽ ആർആർഡി ജേതാക്കളും യുഎസ്ടി റണ്ണർഅപ്പും ആയപ്പോൾ വോളീബോളിൽ ഇൻഫോസിസ് ജേതാക്കളും പിറ്റ്സ് റണ്ണർഅപ്പുമായി. ത്രോബോളിലും ഇൻഫോസിസ് ജേതാക്കളായി. ഐക്കൺ ആണ് റണ്ണർഅപ്പ്.

ടെക്നോപാർക്കിലെ ട്രാവൻകൂർ ഹാളിൽ നടന്ന ചടങ്ങിൽ പ്രതിധ്വനി സ്പോർട്സ് ഫോറം കൺവീനർ രജിത് വി പി അധ്യക്ഷത വഹിച്ചു. പ്രതിധ്വനി ഗെയിംസ് കൺവീനർ വിശാഖ് ഹരി, പ്രതിധ്വനി വുമൺ ഫോറം കൺവീനർ സന്ധ്യ പ്രതിധ്വനി സ്റ്റേറ്റ് കൺവീനർ രാജീവ് കൃഷ്ണൻ, സെക്രട്ടറി വിനീത് ചന്ദ്രൻ, പ്രസിഡൻറ് വിഷ്ണു രാജേന്ദ്രൻ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

# റേഷൻ വ്യാപാരികളുടെ ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കും: ജി. ആർ. അനിൽ

കേരള റേഷൻ ഡീലേഴ്സ് കോർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് 2024 മാർച്ച് ഏഴിന് സംസ്ഥാന വ്യാപകമായി കടകൾ അടച്ച് പ്രതിഷേധം നടത്തുമെന്ന് അറിയിച്ചതിനെ തുടർന്ന് സംഘടനാ പ്രതിനിധികളുമായി ഭക്ഷ്യ പൊതുവിതരണ വകുപ്പു മന്ത്രിയുടെ അധ്യക്ഷതയിൽ ഇന്ന് (29.02.2024) രാവിലെ 11.30 ന് ചർച്ച നടത്തി.

റേഷൻ വ്യാപാരികൾ ഉന്നയിച്ച മൂന്ന് പ്രധാന ആവശ്യങ്ങളായ റേഷൻ വ്യാപാരികളുടെ വേതന പാക്കേജ് പരിഷ്ക്കരിക്കുക, ഗാജളട നിയമം കാലോചിതമായി ഭേദഗതി ചെയ്യുക, റേഷൻ വ്യാപാരി ക്ഷേമനിധി ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുക എന്നീ ആവശ്യങ്ങളാണ് വ്യാപാരികൾ ഉന്നയിച്ചത്.ഓരോ വിഷയങ്ങളിന്മേലും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച് മന്ത്രി വ്യാപാരികളോട് വിശദീകരിച്ചു. റേഷൻ വ്യാപാരികളുടെ വേതന പാക്കേജ് പരിഷ്ക്കരിക്കണമെന്ന സംഘടനകളുടെ ആവശ്യത്തിന്മേൽ സർക്കാരിന് തുറന്ന മനസ്സാണുള്ളത്. എന്നാൽ കേരളത്തിന്റെ നിലവിലെ സാമ്പത്തിക പരിമിതിയിൽ ഇക്കാര്യം ഉടനെ പരിഹരിക്കാൻ കഴിയില്ല എന്നും കുറച്ചുകൂടി സാവകാശം ആവശ്യമാണെന്നും മന്ത്രി യോഗത്തിൽ അറിയിച്ചു.

കെ.പി.റ്റി.ഡി.എസ് നിയമം കാലോചിതമായി പരിഷ്കരിക്കുന്നതിന് റേഷനിംഗ് കൺട്രോളർ കൺവീനറായിട്ടുള്ള മൂന്നംഗ സമിതിയെ നിയോഗിച്ചതായും മാർച്ച് മാസത്തോടെ റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. വ്യാപാരി സംഘടനകളുമായി ചർച്ച നടത്തി കെ.റ്റി.പി.ഡി.എസ് നിയമം പരിഷ്ക്കരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

റേഷൻ വ്യാപാരി ക്ഷേമനിധി ശക്തിപ്പെടുത്തുന്നതിന് ധനകാര്യ മന്ത്രിയുമായി ആലോചിച്ച് വ്യാപാരികൾക്ക് മെച്ചപ്പെട്ട ആനുകൂല്യം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു. ഈ സാഹചര്യത്തിൽ വ്യാപാരികൾ സമരപരിപാടികളിൽ നിന്ന് പിന്മാറണമെന്നും മന്ത്രി അഭ്യർത്ഥിച്ചു. വിവിധ യൂണിയനുകളെ പ്രതിനിധീകരിച്ച് പി.ജി.പ്രിയൻകുമാർ, സി.ബി. ഷാജികുമാർ, സി.മോഹനൻ പിള്ള, കാടാമ്പുഴ മൂസ, കെ.ബി. ബിജു, റ്റി. മുഹമ്മദലി, മീനാങ്കൽ സന്തോഷ്, കുറ്റിയിൽ ശ്യം, ഉഴമലയ്ക്കൽ വേണുഗോരാൽ, എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

## സപ്ലൈകോയ്ക്കു മുന്നിൽ കഞ്ഞിവച്ച് യൂത്ത് കോൺഗ്രസ്

നേമം: സപ്ലൈകോയിലെ വിലക്കയറ്റത്തിനെതിരെയും സബ്സിഡി സാധനങ്ങളുടെ അപര്യാപ്തതയിലും പ്രതിഷേധിച്ച് യൂത്ത് കോൺഗ്രസ് കോവളം അസംബ്ലി കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പുന്നമൂട് സപ്ലൈക്കോയ്ക്കു മുന്നിൽ കഞ്ഞിയു കപ്പയുംവച്ചു പ്രതിഷേധിച്ചു. സംസ്ഥാന സെക്രട്ടറി ആർ. ശിവകുമാർ പ്രതിഷേധം ഉദ്ഘാടനം ചെയ്തു. അസംബ്ലി പ്രസിഡൻറ് ശരത് കോട്ടുകാൽ അധ്യക്ഷനായി.

സംസ്ഥാന ജനറൽ സെക്രട്ടറിമാരായ ബി. എസ്. സുബിജ, അഫ്സൽ ബാലരാമപുരം, ജില്ല വൈസ് പ്രസിഡൻറ് സുൽഫി ബാലരാമുപുരം, സെക്രട്ടറിമാരായ ജെ. ജെ. മുനീർ, സുജിത്ത് കോവളം, ബ്ലോക്ക് കോൺഗ്രസ് പ്രസിഡൻറ് ഉച്ചക്കട സുരേഷ്, അസംബ്ലി വൈസ് പ്രസിഡൻറുമാരായ നൗഫൽ, നന്ദു ബി.പയറ്റുവിള, ഷിബു തേമ്പാമുട്ടം, മണ്ഡലം പ്രസിഡൻറ് വെള്ളായണി സമ്പത്ത് തുടങ്ങിയവർ പ്രസംഗിച്ചു.

## കെടെറ്റ് പരീക്ഷാ ഫലം

കെ.ടെറ്റ് ഒക്ടോബർ 2023 കാറ്റഗറി I, II, III, IV പരീക്ഷകളുടെ ഫലം www.pareekshabhavan.kerala.gov.in, https://ktet.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു.

# സിറ്റിംഗ് എംപിമാർ മത്സരിക്കും, ആലപ്പുഴ പിന്നീട്; രാഹുലിനെയും സുധാകരനെയും ഉൾപ്പെടുത്തി പട്ടിക

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിൽ 15 മണ്ഡലങ്ങളിൽ സിറ്റിംഗ് എംപിമാരെ ഉൾപ്പെടുത്തി കോൺഗ്രസ് സ്ക്രീനിംഗ് കമ്മിറ്റിയുടെ പട്ടിക. വയനാട്ടിൽ രാഹുൽ ഗാന്ധിയും കണ്ണൂരിൽ കെ. സുധാകരനും പട്ടികയിൽ ഉൾപ്പെട്ടപ്പോൾ ആലപ്പുഴയിൽ തീരുമാനം ഹൈക്കമാൻഡിന് വിട്ടിരിക്കുകയാണ്.പട്ടികയിൽ കേന്ദ്ര നേതൃത്വം ഉടൻ അന്തിമ തീരുമാനം കൈക്കൊള്ളും.

കണ്ണൂരടക്കമുള്ള മാറ്റങ്ങളും കേന്ദ്രനേതൃത്വം തീരുമാനിക്കും. പരാതികളും ജയസാധ്യതകളും പരിശോധിച്ച് കേന്ദ്ര തെരഞ്ഞെടുപ്പ് സമിതിയാവും അന്തിമ തീരുമാനം എടുക്കുക.

വയനാട്ടിൽ രാഹുൽ ഗാന്ധി മൽസരിക്കുമോ എന്നതിൽ തീരുമാനമായതിന് ശേഷം ആലപ്പുഴ സീറ്റിൽ തീരുമാനം പ്രഖ്യാപിക്കും. പാർട്ടി നിർദേശിച്ചാൽ ആലപ്പുഴയിൽ മത്സരിക്കാൻ സന്നദ്ധമാണെന്ന് എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ സൂചിപ്പിച്ചിരുന്നു. അദ്ദേഹം മത്സരിക്കുകയാണെങ്കിൽ ആലപ്പുഴയിൽ മറ്റ് പേരുകൾ ചർച്ച ചെയ്തേക്കില്ല.വീണ്ടും മത്സരിക്കുന്നതിൽ നേരത്തെ വിമുഖതയുണ്ടായിരുന്ന കെ. സുധാകരൻ സ്ക്രീനിംഗ് കമ്മിറ്റിക്ക് മുമ്പാകെ മത്സരിക്കാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. കെപിസിസി പ്രസിഡൻറിൻറെ ചുമതല വഹിക്കുന്നത് ചൂണ്ടിക്കാട്ടിയാണ് കെ. സുധാകരൻ മത്സരത്തിൽ നിന്നും ഒഴിഞ്ഞു നിൽക്കാനുള്ള അഭിപ്രായം അറിയിച്ചത്.

# ഡ്രൈവിംഗ് ലൈസൻസ് കിട്ടി; വാട്ടർ ടാങ്കിലെ അസ്ഥികൂടം തലശേരി സ്വദേശിയുടേതെന്ന് സംശയം

തിരുവനന്തപുരം: കാര്യവട്ടം സർവകലാശാല കാമ്പസിലെ വാട്ടർ ടാങ്കിനുള്ളിൽ കണ്ടെത്തിയ അസ്ഥികൂടം തലശേരി സ്വദേശിയുടേതെന്ന് സംശയം. അസ്ഥികൂടത്തിന് സമീപത്ത് നിന്ന് തലശേരി വിലാസത്തിലുള്ള ഡ്രൈവിംഗ് ലൈസൻസ് ലഭിച്ചു. വാട്ടർ ടാങ്കിനുള്ളിൽ നിന്നും ടൈയും തൊപ്പിയും കണ്ണടയും കണ്ടെത്തിയിരുന്നു. കുരുക്കിട്ട ഒരു കയറും ഉള്ളിൽ നിന്ന് കണ്ടെത്തിയിട്ടുണ്ട്.

അസ്ഥികൂടം പുരുഷൻറേതാണെന്ന് ഫോറൻസിക് പരിശോധനയിൽ സ്ഥിരീകരിച്ചിട്ടുണ്ട്. ഏറെ കാലമായി ഉപയോഗശൂന്യമായ വാട്ടർ ടാങ്കിൽ ആരെങ്കിലും ജീവനൊടുക്കിയതാകാമെന്നാണ് പ്രാഥമിക നിഗമനം. സമീപപ്രദേശങ്ങളിൽ നിന്ന് കാണാതായവരെ കേന്ദ്രീകരിച്ച് പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

ബുധനാഴ്ച വൈകുന്നേരമാണ് കാമ്പസിലെ വർഷങ്ങളായി ഉപയോഗിക്കാതെ കിടക്കുന്ന 20 അടിയോളം താഴ്ചയുള്ള വാട്ടർ ടാങ്കിനുള്ളിൽ അസ്ഥികൂടം കണ്ടെത്തിയത്.

തുടർന്ന് ഇന്നു രാവിലെ പോലീസും അഗ്നിശമന സേനയും ഫോറൻസിക് സംഘവും ടാങ്കിനുള്ളിൽ ഇറങ്ങിയാണ് അസ്ഥികൂടം പുറത്തെടുത്തത്.

# ഇന്ത്യൻ നാവികസേന പരിവർത്തനത്തിൻെറ പാതയിൽ: അഡ്മിറൽ ആർ. ഹരികുമാർ

തിരുവനന്തപുരം: രാജ്യം പുരോഗമിക്കുന്പോൾ ഇന്ത്യൻ നാവികസേനയും പരിവർത്തനത്തിൻറെ പാതയിലാണെന്ന് അഡ്മിറൽ ആർ. ഹരികുമാർ പറഞ്ഞു.

നേവി വെറ്ററൻസിനെയും മാധ്യമങ്ങളെയും അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സ്പർശ് പദ്ധതിയുമായി ബന്ധപ്പെട്ട് ഉന്നയിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എല്ലാ പിന്തുണയും അദ്ദേഹം ഉറപ്പാക്കി.

2047 ഓടെ ഇന്ത്യൻ നാവികസേനയെ ആത്മനിർഭറും ആധുനിക നാവികസേനയായി മാറ്റാനുള്ള പദ്ധതി നടപ്പിലാക്കി വരുന്നതായി അഡ്മിറൽ പറഞ്ഞു. കഴിഞ്ഞ 10 വർഷത്തിനിടെ നമ്മുടെ രാജ്യത്ത് നിർമിച്ച 33 കപ്പലുകളും മുങ്ങിക്കപ്പലുകളും കമ്മീഷൻ ചെയ്തു.

നിർമാണ അനുമതി ലഭിച്ച 66 കപ്പലുകളിൽ 64 എണ്ണവും രാജ്യത്ത് നിർമിച്ചുവരുന്നു. സാങ്കേതിക വിദ്യയുടെയും ഉപകരണങ്ങളുടെയും കണ്ടുപിടുത്തക്കാരായ ഇന്ത്യൻ എംഎസ്എംഇ, സ്റ്റാർട്ട് അപ്പുകളെ നാവികസേന പ്രത്യേകം പരിഗണിക്കുന്നുണ്ട്. നാവിക സേനാംഗങ്ങളുടെ ശരാശരി പ്രായം 32 ൽ നിന്ന് 26 ആക്കാൻ നാവികസേന പദ്ധതിയിടുന്നു.

അടുത്ത ഏഴു വർഷത്തിനുള്ളിൽ ഇന്ത്യൻ നാവികസേനയുടെ 45 ശതമാനം സേനാംഗങ്ങളും അഗ്നിവീരന്മാരായി മാറും. 1124 വനിതകൾ നാവിക സേനയിൽ ചേർന്നിട്ടുണ്ട്. അവർക്ക് പുരുഷന്മാരോടൊപ്പം എത് ബ്രാഞ്ചിലും പ്രവർത്തിക്കാനുള്ള അവസരമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# ടി.പി കേസ് പ്രതിയുടെ വിവാഹത്തിന് ഷംസീർ പോയത് മാനുഷിക മൂല്യം പരിഗണിച്ച്; ന്യായീകരിച്ച് ഇ.പി

തിരുവനന്തപുരം: ടി.പി. ചന്ദ്രശേഖരൻ വധക്കേസ് പ്രതി മുഹമ്മദ് ഷാഫിയുടെ വിവാഹത്തിന് അന്ന് എംൽഎയായിരുന്ന ഇപ്പോഴത്തെ സ്പീക്കർ എ.എൻ. ഷംസീർ പങ്കെടുത്തതിൽ എന്താണ് തെറ്റെന്ന് എൽഡിഎഫ് കൺവീനർ ഇ.പി. ജയരാജൻ.

നമുക്ക് ഒരുപാട് ആളുകളുമായി ബന്ധമുണ്ട്. ചിലർ ചില കേസിൽ പെട്ടിട്ടുണ്ടാകും. ആ വീട്ടിൽ ഉള്ള എല്ലാവരും ആ കേസിൽപ്പെട്ടവരാണോ? വ്യത്യസ്ത രാഷ്ട്രീയത്തിൽപ്പെട്ടവർ ആയാലും സാമൂഹിക പ്രശ്നങ്ങളിൽനിന്ന് മാറി നിൽക്കാറില്ല. ഒരാൾ കുറ്റം ആരോപിച്ച് ജയിലിൽ ഉള്ളതുകൊണ്ട് ആയാളുടെ കുടുംബത്തെ സമൂഹികമായി ബഹിഷ്കരിക്കുകയാണോ ചെയ്യേണ്ടതെന്നും ഇ.പി. ചോദിച്ചു.

നമ്മുടെ നാട്ടിൽ രാഷ്ട്രീയക്കാരുടെ വീട്ടിൽ ആരുംപോയി കല്യാണം നടത്തിക്കൊടുക്കാറില്ലേ. രാഷ്ട്രീയശത്രുതയുള്ളതുകൊണ്ട് മറ്റൊരാളുടെ വിവാഹത്തിന് പങ്കെടുക്കാറില്ലേ? വിവാഹത്തിനും മരണവീടുകളിലും പോകാറുണ്ടെന്നും മാനുഷികമൂല്യങ്ങൾക്ക് ഏറ്റവും വിലകൽപ്പിക്കുന്നവരാണ് കമ്യൂണിസ്റ്റുകാരെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

2017ൽ ടി.പി കേസിലെ പ്രതിയായ മുഹമ്മദ് ഷാഫിയുടെ വിവാഹച്ചടങ്ങിൽ അന്ന് എംഎൽഎ ആയിരുന്ന ഷംസീർ എത്തിയത് സംബന്ധിച്ച് പ്രതികരിക്കുകയായിരുന്നു ജയരാജൻ.

# രണ്ടു പൂജ്യങ്ങളാണെങ്കിൽ മാത്രം കേരളത്തിൽ ബിജെപി രണ്ടക്കം കടക്കും: ശശി തരൂർ

തിരുവനന്തപുരം: ഇത്തവണ ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിൽ ബിജെപി രണ്ടക്കം കടക്കുമെന്ന് കഴിഞ്ഞദിവസം പ്രധാനമന്ത്രി നരേന്ദ്രമോദി അവകാശവാദമുന്നയിച്ചതിനെ പരിഹസിച്ച് ശശി തരൂർ എംപി.

രണ്ട് പൂജ്യങ്ങളാണെങ്കിൽ മാത്രമേ ബിജെപിക്ക് കേരളത്തിൽ രണ്ട് അക്കങ്ങൾ ലഭിക്കൂ എന്ന് താൻ ഭയപ്പെടുന്നതായി ശശി തരൂർ പരിഹസിച്ചു. കേരള പദയാത്രയുടെ സമാപനം ഉദ്ഘാടനം ചെയ്യവെയാണ് പ്രധാനമന്ത്രി ബിജെപി രണ്ടക്കം കടക്കുമെന്ന് അവകാശപ്പെട്ടത്.ബിജെപിയുടെ പ്രശ്നം കേരളത്തിൻറെ ചരിത്രമോ സംസ്കാരമോ മനസിലാക്കാനായിട്ടില്ലെന്നതാണ്. ഒരു ചെറിയ പരിധിക്കപ്പുറം ഇവിടെ വർഗീയത വിളയില്ല. ക്രിസ്ത്യൻ സമുദായത്തിൽ സ്വാധീനം ഉണ്ടാക്കിയെടുക്കാൻ ബിജെപി ശ്രമിച്ചെങ്കിലും മണിപ്പൂരിലെ സാഹചര്യം ആ നീക്കത്തെ വഷളാക്കിയെന്നും തരൂർ അഭിപ്രായപ്പെട്ടു.

കോൺഗ്രസ് ഇതുവരെയും സ്ഥാനാർഥിത്വം ഔദ്യോഗികമായി പ്രഖ്യാപിക്കുകയോ മത്സരിക്കേണ്ടതില്ലെന്ന് അറിയിക്കുകയോ ചെയ്തിട്ടില്ല. എന്ത് തന്നെയായാലും എംപി എന്ന നിലയിൽ മണ്ഡലത്തിൽ പ്രവർത്തിച്ചുവരികയാണ്. മണ്ഡലത്തിൽ എനിക്ക് ചുമതലകൾ ഉണ്ട്. ഹിമാചൽപ്രദേശിലെ രാഷ്ട്രീയ നീക്കങ്ങൾ നിരാശപ്പെടുത്തിയെന്നും ശശി തരൂർ പറഞ്ഞു.

# തമിഴ്നാട്ടിൽ സിപിഎമ്മിനും സിപിഐക്കും രണ്ട് വീതം സീറ്റുകൾ

ചെന്നൈ: ലോക്സഭാ തിരഞ്ഞെടുപ്പിൽ തമിഴ്നാട്ടിൽ ഡിഎംകെയും ഇടത് പാർട്ടികളും തമ്മിൽ സീറ്റ് ധാരണയിലെത്തി. സിപിഎമ്മും സിപിഐയും രണ്ട് വീതം സീറ്റുകളിൽ മത്സരിക്കും. 2019ലും രണ്ട് സീറ്റുകളിലായിരുന്നു ഇരുപാർട്ടികളും മുന്നണിയിൽ മത്സരിച്ചിരുന്നത്. രണ്ടിടത്തും ഇരുപാർട്ടികളും ജയിക്കുകയും ചെയ്തിരുന്നു.

എന്നാൽ, അതേ സീറ്റുകൾ തന്നെ ഇത്തവണയും ഇരു പാർട്ടികൾക്കും ലഭിക്കുമോയെന്നതിൽ വ്യക്തതയില്ല. സീറ്റുകളുടെ എണ്ണത്തിൽ മാത്രമേ ധാരണയായിട്ടുള്ളൂ. ഏതെല്ലാം സീറ്റുകളിലാണ് മത്സരിക്കുക എന്നതിൽ തീരുമാനമായിട്ടില്ല. സീറ്റുകൾ ഏതാണെന്നത് തുടർചർച്ചയിൽ തീരുമാനമാകുമെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി കെ.ബാലകൃഷ്ണൻ പറഞ്ഞു. സിപിഎമ്മിന്റെ സിറ്റിങ് സീറ്റായ കോയമ്പത്തൂരിനെചൊല്ലി സിപിഎമ്മും ഡിഎംകെയും തമ്മിൽ തർക്കമുണ്ട്. കോയമ്പത്തൂരിൽ കമൽഹാസൻ മത്സരിക്കാൻ താത്പര്യം പ്രകടിപ്പിച്ച സാഹചര്യത്തിൽ അദ്ദേഹത്തിന് കൈമാറാനാണ് ഡിഎംകെയ്ക്ക് താത്പര്യം. എന്നാൽ, വിട്ടുകൊടുക്കില്ലെന്ന നിലപാടാണ് സിപിഎമ്മിനുള്ളത്. കോയമ്പത്തൂരിന് പുറമെ മധുരയിലാണ് സിപിഎമ്മിന്റെ സിറ്റിങ് സീറ്റ്. തിരുപ്പൂരിലും നാഗപട്ടണത്തുമാണ് സിപിഐ മത്സരിച്ചത്.

# സംസ്ഥാനത്ത് വാക്സിനേഷൻ ശക്തിപ്പെടുത്തുന്നതിന് മാർഗനിർദേശങ്ങൾ: മന്ത്രി വീണാ ജോർജ്

### *പ്രതിരോധ കുത്തിവയ്പ്പുകൾ സംബന്ധിച്ച മാർഗരേഖയ്ക്ക് അംഗീകാരം

സംസ്ഥാനത്ത് വാക്സിനേഷൻ ശക്തിപ്പെടുത്തുന്നതിന് ആരോഗ്യ വകുപ്പ് മാർഗനിർദേശങ്ങൾ പുറത്തിറക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ദേശീയ ഇമ്മ്യൂണൈസേഷൻ ഷെഡ്യൂൾ പ്രകാരം വിവിധ രോഗങ്ങൾക്കെതിരെ 12 വാക്സിനുകൾ നൽകുന്നുണ്ട്. രാജ്യത്ത് വാക്സിനേഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി നിരവധി മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പല വാക്സിനുകൾ ഒരുമിച്ച് കൈകാര്യം ചെയ്യുമ്പോഴുള്ള പിഴവുകൾ ഒഴിവാക്കാനും വാക്സിനേഷൻ പ്രക്രിയ സുഗമമാക്കാനും വേണ്ടിയാണ് വാക്സിനേഷൻ മാർഗനിർദേശങ്ങൾ പുറത്തിറക്കിയത്. പ്രതിരോധ കുത്തിവയ്പ്പുകൾ നൽകുമ്പോൾ ആരോഗ്യ പ്രവർത്തകർ അനുവർത്തിക്കേണ്ട നടപടിക്രമങ്ങളും പ്രോട്ടോകോളും ഉൾക്കൊള്ളിച്ചു കൊണ്ടാണ് മാർഗനിർദേശങ്ങൾ തയ്യാറാക്കിയത്. എല്ലാ ആരോഗ്യ പ്രവർത്തകരും മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

പ്രധാന വാക്സിനേഷൻ മാർഗനിർദേശങ്ങൾ

ഒരു മെഡിക്കൽ ഓഫീസറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ മാത്രമേ വാക്സിനേഷൻ ക്ലിനിക്കോ സെഷനോ നടത്താവൂ. വാക്സിനേഷന് മുമ്പ് എല്ലാ കുട്ടികളുടെയും ആരോഗ്യനില പരിശോധിക്കണം.

ആ സ്ഥാപനത്തിലെ ചുമതലയുള്ള മെഡിക്കൽ ഓഫീസർ മേൽനോട്ടം വഹിക്കണം.

പരിശീലനം നേടിയ ജിവനക്കാരെ മാത്രമേ വാക്സിനേഷനായി നിയോഗിക്കാവൂ.

പ്രതിരോധ കുത്തിവയ്പ്പുകൾ ആരംഭിക്കുന്നതിന് മുമ്പ് ഐസ് ലൈൻഡ് റഫ്രിജറേറ്ററിൽ നിന്ന് വാക്സിൻ പുറത്തെടുത്ത് കാരിയറിൽ വയ്ക്കുമ്പോൾ വാക്സിന്റെ പേര്, ബാച്ച് നമ്പർ, കാലഹരണ തീയതി, വിവിഎം, വാക്സിൻ വയൽ എന്നിവ പരിശോധിക്കണം.

വാക്സിനേഷന് മുമ്പ് കുട്ടിയുടെ പ്രായവും വാക്സിനും പരിശോധിച്ചുറപ്പിക്കണം.

കുത്തിവയ്പ്പിന് മുമ്പും വാക്സിന്റെ പേര്, ബാച്ച് നമ്പർ, കാലഹരണപ്പെടുന്ന തീയതി, വിവിഎം എന്നിവ ഉറപ്പാക്കണം.

വാക്സിനേഷൻ എടുത്ത എല്ലാ കുട്ടികളും ഗർഭിണികളും വാക്സിനേഷൻ കഴിഞ്ഞ് 30 മിനിറ്റെങ്കിലും നിരീക്ഷണത്തിൽ കഴിയണം.

സർക്കാർ, സ്വകാര്യ ആശുപത്രികൾ ദേശീയ ഇമ്മ്യൂണൈസേഷൻ ഷെഡ്യൂൾ പാലിക്കണം.

അഴുക്ക് പുരണ്ട ചർമ്മമാണെങ്കിൽ കുത്തിവയ്പ്പിന് മുമ്പ് ആ ഭാഗം വൃത്തിയായി കഴുകണം.

മുറിവുള്ള ചർമ്മ ഭാഗം ഒഴിവാക്കി അണുബാധയില്ലാത്ത സ്ഥലത്ത് കുത്തിവയ്ക്കണം.

കുത്തിവയ്പ്പിന് ശേഷം ആ ഭാഗത്ത് തടവരുത്.

വാക്സിനേഷനായി സിറിഞ്ചുകൾ മുൻകൂട്ടി നിറച്ച് വയ്ക്കരുത്.

വാക്സിനേഷൻ സെഷനിൽ അണുബാധ നിയന്ത്രണ പ്രോട്ടോകോൾ കർശനമായി പാലിക്കണം.

വാക്സിന് ശേഷം എഇഎഫ്ഐ (Adverse Event Following Immunization) കേസുണ്ടായാൽ മെഡിക്കൽ ഓഫീസർ മുഖേന ജില്ലാ ആർസിഎച്ച് ഓഫീസർക്ക് റിപ്പോർട്ട് ചെയ്യണം.

ഈ കേസുകൾ ബന്ധപ്പെട്ട JPHN, PHN, PHNS, മെഡിക്കൽ ഓഫീസർ തുടർ നിരീക്ഷണം നടത്തണം. സിവിയർ, സീരിയസ് കേസുകൾ ജില്ലാതല എഇഎഫ്ഐ കമ്മിറ്റി പരിശോധിച്ച് സംസ്ഥാന തലത്തിൽ റിപ്പോർട്ട് ചെയ്യണം.

ഇതുസംബന്ധിച്ച പരിശീലനം എല്ലാ വാക്സിനേറ്റർമാർക്കും സൂപ്പർവൈസർമാർക്കും മെഡിക്കൽ ഓഫീസർ ഉറപ്പാക്കണം.



ലഹരി ഉപയോഗ വ്യാപനവും കുട്ടികളുടെ പുനരധിവാസവും എന്ന വിഷയത്തിൽ സംഘടിപ്പിച്ച സംസ്ഥാനതല കർത്തവ്യവാഹകരുടെ ശിൽപ്പശാല ചീഫ് സെക്രട്ടറി ഡോ വി വേണു ഉദ്ഘാടനം ചെയ്യുന്നു

# പോത്തുകല്ലിൽ മഞ്ഞപ്പിത്തം: വ്യാപനം രൂക്ഷം

എടക്കര: പോത്തുകല്ലിൽ മഞ്ഞപ്പിത്തം വ്യാപനം രൂക്ഷമാകാൻ കാരണം ആരോഗ്യവകുപ്പ് അധികൃതരുടെ ജാഗ്രതക്കുറവ്. ജനുവരി മുതൽ പോത്തുകല്ലിൽ ഒറ്റപ്പെട്ട മഞ്ഞപ്പിത്തം ബാധ കേസുകൾ റിപ്പോർട്ട് ചെയ്തിരുന്നു.

ജനുവരി അവസാനത്തോടെ പത്തോളം കേസുകളാണ് ഉണ്ടായത്. തുടർന്ന് ഫെബ്രുവരി ആയപ്പോഴേക്കും രോഗബാധിതരുടെ എണ്ണം ക്രമാതീതമായി ഉയർന്നു. ഇപ്പോൾ നൂറിനടുത്ത് ആളുകൾക്കു പോത്തുകല്ലിൽ മഞ്ഞപ്പിത്തം പിടിപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിൽ അമ്പതിലധികം കേസുകൾ റിപ്പോർട്ട് ചെയ്തപ്പോഴാണ് പ്രതിരോധ പ്രവർത്തനങ്ങളുമായി ആരോഗ്യപ്രവർത്തകർ രംഗത്തിറങ്ങിയത്. പോത്തുകൽ ടൗണിലെ ഹോട്ടൽ, കൂൾബാറുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുകയും നോട്ടീസ് വിതരണം, ക്ലോറിനേഷൻ, ബോധവത്ക്കരണ അനൗൺസ്മെൻറ് തുടങ്ങിയവ സംഘടിപ്പിക്കുകയുമാണ് ചെയ്തത്.

ടൗണിലെ കിണറുകളിൽ നടത്തിയ പരിശോധനകളിൽ ഭൂരിഭാഗം കിണറുകളിലെയും ജലം മലിനമാണെന്ന് കണ്ടെത്തിയിരുന്നു. ഇവ ക്ലോറിനേഷൻ നടത്തുകയും ശുദ്ധമായ ജലം പുറത്തുനിന്ന് കൊണ്ടുവന്നു ഉപയോഗിക്കാൻ അധികൃതർ നിർദേശം നൽകുകയും ചെയ്തു. എന്നാൽ ഇവ കൊണ്ടൊന്നും മഞ്ഞപ്പിത്തം വ്യാപനം കുറഞ്ഞില്ല. ഇതേത്തുടർന്ന് കഴിഞ്ഞ വെള്ളി മുതൽ ഞായർ വരെയുള്ള മൂന്നു ദിവസങ്ങളിൽ ഹോട്ടലുകളും കൂൾബാറുകളും പഞ്ചായത്ത് അധികൃതർ അടപ്പിക്കുകയും ചെയ്തു. ഇതിനു ശേഷമാണ് എടക്കര പഞ്ചായത്തിലെ പൊട്ടൻതരിപ്പ സ്വദേശി സാരംഗിയിൽ സജിത്ത്(47) മഞ്ഞപ്പിത്തബാധയെത്തുർന്ന് കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ വച്ച് മരണപ്പെട്ടത്. സജിത്തിൻറെ ഭാര്യയെയും രണ്ടു മക്കളെയും മഞ്ഞപ്പിത്ത ബാധയെത്തുടർന്ന് മഞ്ചേരിയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.

സജിത്ത് മരണപ്പെട്ട ശേഷമാണ് ആരോഗ്യവകുപ്പ് അധികൃതർ ഇയാൾക്ക് മഞ്ഞപ്പിത്തം ബധിച്ചിരുന്നുവെന്ന് അറിയുന്നത്. ഞായറാഴ്ച വൈകിട്ട് ഞെട്ടിക്കുളം സ്വദേശി പുളിക്കത്തറ മാത്യു ഏബ്രഹാം എന്ന പൊന്നച്ചനും(60) മഞ്ഞപ്പിത്തത്തെ തുടർന്നു കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ വച്ച് മരണപ്പെട്ടു. കോഴിക്കോട്, മഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രികളിൽ പോത്തുകൽ സ്വദേശികളായ മഞ്ഞപ്പിത്ത ബാധിതർ കഴിയുന്നുമുണ്ട്. നിരവധി പേർ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുകയും പച്ചമരുന്ന് ചികിത്സ നടത്തിയവരുമായുണ്ട്.

രോഗവ്യാപനം വരും ദിവസങ്ങളിൽ കൂടാൻ സാധ്യത വളരെയേറെയാണ്. മഞ്ഞപ്പിത്ത ബാധയ്ക്ക് പുറമെ ഡെങ്കി പനിയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടക്കത്തിൽ പ്രതിരോധ പ്രവർത്തനങ്ങളും ബോധവത്ക്കരണവും ഊർജിതമാക്കിയിരുന്നുവെങ്കിൽ മഞ്ഞപ്പിത്ത വ്യാപനം തടയാമായിരുന്നു.

# ലഹരിക്കെതിരെ ഏകോപനത്തോടെയുള്ള പ്രവർത്തനം ആവശ്യം: ചീഫ് സെക്രട്ടറി

ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾക്ക് പൊതുസമൂഹത്തിൽ എല്ലാവർക്കും ഉത്തരവാദിത്തമുണ്ടെന്നും അതിനായി ഏകോപിത പ്രവർത്തനങ്ങൾ ആവശ്യമാണെന്നും ചീഫ് സെക്രട്ടറി ഡോ. വി വേണു പറഞ്ഞു. ലഹരി ഉപയോഗ വ്യാപനവും കുട്ടികളുടെ പുനരധിവാസവും എന്ന വിഷയത്തിൽ തിരുവനന്തപുരത്ത് ഹോട്ടൽ അപ്പോളോ ഡിമോറയിൽ നടന്ന സംസ്ഥാന തല കർത്തവ്യവാഹകരുടെ ശിൽപ്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ചീഫ് സെക്രട്ടറി '

സമയബന്ധിതമായി പൂർത്തീകരിക്കേണ്ട അതിസങ്കീർണമായ വിഷയമാണ് ലഹരിക്കെതിരായ പ്രതിരോധവും പുനരധിവാസവും. ഇതിനായി സർക്കാർ തലത്തിൽ പോലീസ്, എക്സൈസ് വകുപ്പുളടക്കമുള്ളവരുടെ ഏകോപനം ശക്തമാക്കും. മുഖ്യമന്ത്രിയുടെ അവലോകന യോഗത്തിലെ സുപ്രധാന അജണ്ടയാണ് ലഹരിക്കെതിരായി നടത്തുന്ന പ്രവർത്തനങ്ങൾ എന്നതിനാൽ സംസ്ഥാന ഗവൺമെന്റിന്റെ സുപ്രധാന പരിഗണന വിഷയമാണിത്. കർമ്മമണ്ഡലത്തിന് പുറത്ത് ലഹരി വിമോചന കേന്ദ്രങ്ങൾ, പുനരധിവാസ കേന്ദ്രങ്ങൾ, കൗൺസലിംഗ് എന്നിവ അടക്കം നടത്തുന്ന സർക്കാരിതര സംഘടനകളുടെ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. രണ്ടോ മൂന്നോവർഷം മുൻപുള്ള വെല്ലുവിളിയല്ല നമ്മൾ ലഹരിയുടെ കാര്യത്തിൽ ഇന്ന് നേരിടുന്നത്. സിന്തറ്റിക് ലഹരിയെ സംബന്ധിച്ചടുത്തോളം കെമിക്കൽ സ്ട്രക്ച്ചർ അനുദിനം മാറുന്നു. അതിനനുസരിച്ച് തലച്ചോറിലുണ്ടാകുന്ന ആഘാതം വ്യത്യസ്തമാകുന്നു. ഇതിനനുസരിച്ച് ചികിൽസയടക്കം നിർദേശിക്കുക എന്നത് പുതിയ കാലത്തെ വെല്ലുവിളിയാണ്. ലഹരി മുക്ത കേരളത്തിന് സർക്കാരുമായി സഹകരിക്കുന്നതിന് ഡോൺ ബോസ്കോ പോലെയുള്ള എൻ ജി ഒ കളെ സ്വാഗതം ചെയ്യുന്നതായി ചീഫ് സെക്രട്ടറി പറഞ്ഞു. ബാലാവകാശ നിയമങ്ങളെ അടിസ്ഥാനമാക്കി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ പുറത്തിറക്കിയ കൈപ്പുസ്തകത്തിന്റെ പ്രകാശനം പ്രിൻസിപ്പൽ സെക്രട്ടറി ഷർമിള മേരി ജോസഫിന് നൽകി ചീഫ് സെക്രട്ടറി നിർവഹിച്ചു.

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അധ്യക്ഷൻ കെ.വി. മനോജ് കുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡോൺ ബോസ്കോ ബ്രഡ്സ് ഡ്രീം പ്രൊജക്റ്റ്, സ്റ്റേറ്റ് ഡയറക്ടർ, റവ. ഫാ. ഫിലിപ്പ് പരക്കാട്ട് ആമുഖഭാഷണം നടത്തി.സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം എൻ. സുനന്ദ സ്വാഗതം ആശംസിച്ചു. തദ്ദേശ സ്വയംഭരണം, സാമൂഹ്യനീതി, വനിത ശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമ്മിള മേരി ജോസഫ് മുഖ്യ പ്രഭാഷണം നടത്തി. പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എസ്. ഷാനവാസ്, ബ്രഡ്സ് ബാംഗ്ലൂർ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജോർജ് പി. എസ്, സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം ജലജമോൾ. റ്റി.സി എന്നിവർ സംബന്ധിച്ചു.

മദ്യ മയക്കുമരുന്നുകളുടെ ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണം, കുട്ടികളിലെ ലഹരി ഉപയോഗം, ലഹരിക്കടിമപ്പെട്ടുപോകുന്ന കുട്ടികളുടെ പുനരധിവാസം എന്നിവ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് കേരളത്തിലെ പ്രധാനപ്പെട്ട കർത്തവ്യവാഹകരുടെ ഒരു യോഗമാണ് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനും ഡോൺ ബോസ്കോ ബ്രെഡ്സ് ഡ്രീം പദ്ധതിയും സംയുക്തമായി സംഘടിപ്പിച്ചത്. വിവിധ സർക്കാർ വകുപ്പുകളിലും, സർക്കാരിതര സംഘടനകളിലും, കുട്ടികളിലെ മയക്കുമരുന്നിന്റെയും ലഹരിയുടെയും ദുരുപയോഗവും ആസക്തിയും തടയുന്നതിന് വേണ്ടി പ്രവർത്തിച്ചുവരുന്ന കർത്തവ്യവാഹകർ ശില്പശാലയിൽ പങ്കെടുത്തു. മയക്കുമരുന്നിനും ലഹരിക്കും അടിമപ്പെട്ടുപോയ കുട്ടികൾക്കുള്ള സംരക്ഷണവും പുനരധിവാസവും എപ്രകാരം സാധ്യമാക്കാം, ലഹരിക്കെതിരായുള്ള തുടർപ്രവർത്തനങ്ങൾ, കർത്തവ്യവാഹകരുടെ ഇടപെടലുകൾ, നിർദ്ദേശങ്ങൾ, എത്ര പേർക്കിടയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ എത്തിക്കാൻ കഴിഞ്ഞു, ഭാവി പരിപാടികൾ എന്തൊക്കെയാണ് എന്നീ വിഷയങ്ങൾ ഏകദിന ശിൽപ്പശാല ചർച്ച ചെയ്തു.

# കർണാടകയിലും തമിഴ്നാട്ടിലും കുപ്രചാരണം: വയനാടൻ ടൂറിസം തളരുന്നു

കൽപ്പറ്റ: തത്പര കക്ഷികൾ തമിഴ്നാട്ടിലും കർണാടകയിലും നടത്തുന്ന കുപ്രചാരണം വയനാട്ടിൽ ടൂറിസം മേഖലയെ തളർത്തുന്നു. ജില്ലയിൽ വിനോദസഞ്ചാരത്തിനു നിരോധനം ഏർപ്പെടുത്തിയെന്ന മട്ടിലുള്ള പ്രചാരണമാണ് വിനോദസഞ്ചാര മേഖലയ്ക്കു വിനയായതെന്നു വയനാട് ടൂറിസം അസോസിയേഷൻ പ്രസിഡൻറ് കെ. പി. സെയ്തലവി, കേരള ഹോട്ടൽ ആൻഡ് റസ്റ്ററൻറ്സ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി അനീഷ് ബി. നായർ എന്നിവർ പറഞ്ഞു.

വന്യജീവി ആക്രമണങ്ങളെത്തുടർന്ന് സമീപകാലത്തുണ്ടായ ജനകീയ പ്രതിഷേധങ്ങളുടെ പശ്ചാത്തലത്തിൽ വനം വകുപ്പിനു കീഴിൽ ജില്ലയിലുള്ള ഇക്കോ ടൂറിസം കേന്ദ്രങ്ങൾ അടച്ചിട്ടിരിക്കയാണ്. കുറുവ ദ്വീപ്, വയനാട് വന്യജീവി സങ്കേതത്തിലെ തോൽപ്പെട്ടി, മുത്തങ്ങ ടൂറിസം കേന്ദ്രങ്ങൾ തുടങ്ങിയവ ഇതിൽപ്പെടും. വൈദ്യുതി വകുപ്പിനു കീഴിലുള്ള ബാണാസുര ഹൈഡൽ ടൂറിസം സെൻറർ തൊഴിലാളി സമരം മൂലം ഒരു മാസമായി പ്രവർത്തിക്കുന്നില്ല.

ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനു കീഴിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാത്രമാണ് നിലവിൽ സഞ്ചാരികൾക്ക് പ്രവേശനം. വയനാട്ടിൽ വിനോദസഞ്ചാരം വിലക്കിയെന്ന കുപ്രചാരണം ഈ പശ്ചാത്തലത്തിലാണ് അയൽ സംസ്ഥാനങ്ങളിൽ നടക്കുന്നത്.

ജില്ലയിലേക്കുള്ള സഞ്ചാരികളുടെ വരവ് ഗണ്യമായി കുറഞ്ഞതായി ടൂറിസം അസോസിയേഷൻ ജില്ലാ ട്രഷറർ കെ. സെയ്ഫു വൈത്തിരി, ബത്തേരി താലൂക്ക് സെക്രട്ടറി എൻ. അൻവർ സാദത്ത്, ഹോട്ടൽ ആൻഡ് റസ്റ്ററൻറ് അസോസിയേഷൻ ജില്ലാ പ്രസിഡൻറ് ടി. ആർ. അസ്ലം ബാവ, സെക്രട്ടറി യു. സുബൈർ എന്നിവർ പറഞ്ഞു.

പരീക്ഷക്കാലമായതിനാൽ സംസ്ഥാനത്തെ ഇതര ജില്ലകളിൽനിന്നുള്ള സന്ദർശകരുടെ എണ്ണവും കുത്തനെ കുറഞ്ഞു. റിസോർട്ടുകൾ, ഹോംസ്റ്റേകൾ, സർവീസ്ഡ് വില്ലകൾ, ടൂറിസ്റ്റ് ഹോമുകൾ എന്നിവിടങ്ങളിൽ പേരിനു മാത്രമാണ് സന്ദർശകർ തങ്ങുന്നത്. ദിവസങ്ങളായി നിത്യച്ചെലവിനുള്ള വരുമാനം പോലും ഈ സ്ഥാപനങ്ങൾക്കു ലഭിക്കുന്നില്ല.

സഞ്ചാരികളുടെ ഒഴുക്ക് നിലച്ചത് ഹോട്ടൽ വ്യവസായത്തെയും ബാധിച്ചു. വിനോദസഞ്ചാര മേഖലകളിലുള്ള ഹോട്ടലുകളിൽ കച്ചവടം കുറഞ്ഞു. ടൂറിസം കേന്ദ്രങ്ങൾക്കടുത്ത് മെസ് ഹൗസ്, സ്റ്റേഷനറികരകൗശല വസ്തു പീടിക, പഴക്കട തുടങ്ങിയവ നടത്തുന്നവരെയും സഞ്ചാരികളുടെ വരവിലുണ്ടായ കുറവ് ബാധിച്ചു.

ടൂറിസ്റ്റ് ടാക്സിഓട്ടോ ഉടമകളും ഡ്രൈവർമാരും ഗതികേടിലാണ്. 1,600 ഓളം സംരംഭകർ അംഗങ്ങളായതാണ് വയനാട് ടൂറിസം അസോസിയേഷൻ. വയനാട് ടൂറിസം ഓർഗനൈസേഷൻ ഉൾപ്പെടെ സംരംഭകരുടെ സംഘടനകൾ ജില്ലയിൽ വേറെയും ഉണ്ട്. ശരാശരി 10 ജീവനക്കാരാണ് ഓരോ സംരംഭത്തിലും. ഇവരുടെ ജീവിതവും പ്രതിസന്ധിയിലാണ്.

വിനോദസഞ്ചാര കേന്ദ്രങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിലെ തടസം എന്തെന്ന് വനം അധികാരികൾ വ്യക്തമാക്കുന്നില്ലെന്ന് ടൂറിസം അസോസിയേഷൻ ഭാരവാഹികൾ പറഞ്ഞു. ബാണാസുര ഹൈഡൽ ടൂറിസം കേന്ദ്രത്തിൽ സിഐടിയുവിൻറെ നേതൃത്വത്തിൽ നടത്തുന്ന തൊഴിലാളി സമരം ഒത്തുതീർക്കുന്നതിൽ അധികാരികൾക്കു ശുഷ്കാന്തിയില്ലെന്ന് അവർ കുറ്റപ്പെടുത്തി.

വനം വകുപ്പിനു കീഴിലുള്ളതടക്കം ജില്ലയിലെ മുഴുവൻ ടൂറിസ്റ്റ് കേന്ദ്രങ്ങളും തുറന്നുപ്രവർത്തിക്കുന്നതിനു ജില്ലാ ഭരണകൂടത്തിൻറെ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് 29ന് സംയുക്തമായി കളക്ടറേറ്റ് മാർച്ചും ധർണയും നടത്താൻ വയനാട് ടൂറിസം അസോസിയേഷനും കഐച്ച്ആർഎ ജില്ലാ കമ്മിറ്റിയും തീരുമാനിച്ചിട്ടുണ്ട്.

# തെങ്ങിൻതൈകൾ കൃഷിഭവനുകളിൽ കരിഞ്ഞുണങ്ങുന്നു

കാഞ്ഞങ്ങാട്: സംസ്ഥാന സർക്കാരിൻറെ നാളികേര വികസനപദ്ധതിക്ക് വഴിമുട്ടുന്നു. പദ്ധതിയുടെ ഭാഗമായി കർഷകർക്ക് സബ്സിഡി അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതിനായി കൃഷിഭവനുകളിലെത്തിച്ച തെങ്ങിൻതൈകൾ കൊടുംവേനലിൽ കരിഞ്ഞുണങ്ങുകയാണ്. മഴക്കാലം ഏതാണ്ട് കഴിയാറായപ്പോൾ മാത്രമാണ് ഇവ വിതരണത്തിനെത്തിയിരുന്നത്. സങ്കരയിനം തെങ്ങിൻതൈകൾക്ക് പഴയ ഗുണനിലവാരമില്ലെന്ന പരാതി കർഷകർക്ക് വ്യാപകമായുണ്ട്. ഇതോടൊപ്പം തേങ്ങയുടെ വിലയിടിവും ദീർഘകാല കൃഷികളോടുള്ള പ്രിയം കുറഞ്ഞതുമെല്ലാം ചേർന്നാണ് വാങ്ങാനാളില്ലാതെ തെങ്ങിൻതൈകൾ കെട്ടിക്കിടക്കാനിടയാക്കിയത്.

ജില്ലയിലെ വിവിധ കൃഷിഭവനുകളിലേക്കായി ഡബ്ല്യുസിടി തെങ്ങിൻതൈകൾ 29375 എണ്ണവും ഹൈബ്രിഡ് തൈകൾ 37000 എണ്ണവുമാണ് ഇത്തവണ വിതരണത്തിനെത്തിച്ചത്. 250 രൂപ വിലയുള്ള ഹൈബ്രിഡ് തൈകൾ 125 രൂപയ്ക്കും 100 രൂപയുള്ള ഡബ്ല്യുസിടി തൈകൾ 50 രൂപയ്ക്കുമാണു വില്പന നടത്തുന്നത്. എന്നാൽ മിക്ക കൃഷിഭവനുകളിലും എത്തിച്ചവയിൽ പകുതി പോലും വില്പന നടത്താനായിട്ടില്ല.

മതിയായ ഗുണനിലവാര പരിശോധന പോലും നടത്താതെയാണ് ഹൈബ്രിഡ് തൈകൾ വിതരണത്തിനെത്തിക്കുന്നതെന്നാണ് കർഷകരുടെ ആക്ഷേപം. ഇവയ്ക്ക് പ്രതിരോധശേഷി തീരെ കുറവാണെന്ന പരാതി പരക്കേയുണ്ട്. നന്നായി തഴച്ചുവളരുകയും കായ്ച്ചുതുടങ്ങുകയും ചെയ്ത തെങ്ങുകൾ പോലും പെട്ടെന്ന് മണ്ടമറിഞ്ഞു വീഴുന്നത് കർഷകർക്ക് കടുത്ത നിരാശയാകാറുണ്ട്.

പടന്നക്കാട്, പിലിക്കോട് എന്നിവിടങ്ങളിലെ കാർഷിക ഗവേഷണ കേന്ദ്രങ്ങളിൽ നിന്നാണ് ജില്ലയിലെ കൃഷിഭവനുകളിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യാനുള്ള തെങ്ങിൻതൈകൾ എത്തിച്ചത്. ഏതാനും വർഷം മുമ്പു വരെ ഈ സ്ഥലങ്ങളിൽ നിന്ന് തെങ്ങിൻതൈകൾ കിട്ടുന്നതിനായി ആളുകൾ മുൻകൂട്ടി അപേക്ഷ നല്കി കാത്തിരിക്കുകയും അതിരാവിലെ ചെന്ന് വരിനില്ക്കുകയും ചെയ്ത കാലമുണ്ടായിരുന്നു.

ഇപ്പോൾ ഓരോ കൃഷിഭവനുകളിലും ബാക്കിയുള്ളതും നശിച്ചതുമായ തൈകളുടെ വില അതതു കൃഷിഭവനുകളിലെ ജീവനക്കാരുടെ കൈയിൽനിന്ന് ഈടാക്കാനാണ് കൃഷിവകുപ്പിൻറെ നിർദേശം. ഇത് ജീവനക്കാർക്കും കടുത്ത സാമ്പത്തികബാധ്യതയുണ്ടാക്കുന്നു. ഇതൊഴിവാക്കുന്നതിനായി പലയിടങ്ങളിലും മറ്റാവശ്യങ്ങൾക്കായി കൃഷിഭവനുകളിലെത്തുന്നവരെക്കൊണ്ട് തെങ്ങിൻതൈകൾ നിർബന്ധിച്ച് വാങ്ങിപ്പിക്കുന്നതായും പരാതിയുണ്ട്.

കാലംതെറ്റി വിതരണത്തിനെത്തിയ മാവിൻതൈകളും മറ്റ് ഫലവൃക്ഷങ്ങളുടെ തൈകളുമെല്ലാം പലയിടത്തും ഇങ്ങനെ വാങ്ങിപ്പിക്കുന്നുണ്ട്. കൃഷിഭവനിലെ ജീവനക്കാർക്ക് സാമ്പത്തിക ബാധ്യത ഒഴിവായെങ്കിലും മിക്കവാറും വാങ്ങുന്നവരുടെ വീട്ടിൽകിടന്ന് നശിക്കാനാകും ഇവയുടെ വിധി.

# ജില്ലയിലെ പത്ത് സ്കൂളുകൾക്ക് ഗ്രീൻ അവാർഡ്

മഞ്ചേരി: ജില്ലയിലെ പത്തു സ്കൂളുകൾക്ക് ഗ്രീൻ സ്കൂൾ അവാർഡ് പ്രഖ്യാപിച്ചു. വിദ്യാർഥികളെ പങ്കാളികളാക്കി സ്കൂൾ കേന്ദ്രീകരിച്ച് പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയ വിദ്യാലയങ്ങൾക്കാണ് പുരസ്കാരം.

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എന്നിവയുടെ നേതൃത്വത്തിലുള്ള ദേശീയ ഹരിതസേനയിലെ സ്കൂളുകളിൽ നിന്നാണ് വിദ്യാലയങ്ങൾ നേട്ടം കൊയ്തത്. സ്കൂളിനെ മികവുറ്റതാക്കാൻ വേണ്ടി പ്രവർത്തിച്ച സ്കൂൾ ഹരിതസേന കോഓർഡിനേറ്റർമാരായ അധ്യാപകർക്കാണ് അവാർഡ് കൈമാറുന്നത്.

ഹരിതവത്ക്കരണം, മാലിന്യനിയന്ത്രണം, അടുക്കളത്തോട്ടം, പ്ലാസ്റ്റിക് റീസൈക്ലിംഗ്, കാമ്പസ് സൗന്ദര്യവത്ക്കരണം, പരിസ്ഥിതി വിദ്യാഭ്യാസ ക്യാമ്പുകൾ, ഗ്രാമീണ ഹരിത ബോധവത്ക്കരണം, ജലവിഭവ മാനേജ്മെൻറ്, ഊർജ സംരക്ഷണം, ബദൽ ഉത്പന്ന പ്രചാരണം എന്നീ മേഖലകളിൽ മികവ് തെളിയിച്ച സ്കൂളുകളാണ് അവാർഡിന് അർഹരായത്.

അവാർഡിന് അർഹരായ വിദ്യാലയങ്ങളും അധ്യാപകരും: കെ. അബ്ദുൾ റഷീദ് (ജിഎംയുപി സ്കൂൾ അരിമ്പ്ര), കെ. ബിന്ദു (എംഎസ്പിഎച്ച്എസ്എസ് മലപ്പുറം), കെ. ശിവശങ്കരൻ (ജിഎച്ച്എസ്എസ് കരുവാരക്കുണ്ട്), വി. ഇസ്ഹാഖ് (കെഎച്ച്എംഎച്ച്എസ്എസ് വാളക്കുളം), എം. ഷാനില ആസാദ് (എംഡിപിഎസ്യുപി സ്കൂൾ എഴൂർ), ഇ. പി. പ്രഭാവതി (എഎംയുപി സ്കൂൾ ആക്കോട് വിരിപ്പാടം), എൻ. വി. രൺജിത്ത് (ജിവിഎച്ച്എസ്എസ് ചെട്ടിയാൻകിണർ), സന്ദീപ് മാട്ടട (എഎച്ച്എസ്എസ് പാറൽ മമ്പാട്ടുമൂല), സി. പി. വാഫിഖ മുസ്തഫ ജിയുപിഎസ് ചെങ്ങര), കെ. എം. ജോൺ (ലിറ്റിൽ ഫ്ളവർ ഇംഗ്ലീഷ് മീഡിയം കരുവാരക്കുണ്ട്). അവാർഡ് ദാനവും മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനദാനവും ഇന്നു രാവിലെ 10ന് മലപ്പുറം സ്കൗട്ട് ഹാളിൽ നടക്കുന്ന ചടങ്ങിൽ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ കെ. പി. രമേഷ് കുമാർ നിർവഹിക്കും.

# തൊഴിൽ നൈപുണ്യ പരിശീലനം നൽകും

കേരള സർക്കാർ വിഭാവനം ചെയ്യുന്ന 20 ലക്ഷം പേർക്ക് തൊഴിൽ എന്ന പദ്ധതിയിൽ ന്യൂനപക്ഷ വിഭാഗങ്ങളിലെ തൊഴിലന്വേഷകർക്കും പ്രയോജനകരമാം വിധമുള്ള പരിപാടികൾക്ക് സംസ്ഥാന ന്യൂനപക്ഷ കമ്മിഷൻ രൂപം നൽകി. അതിന്റെ ഭാഗമായി ന്യൂനപക്ഷ വിഭാഗത്തിലെ തൊഴിലന്വേഷകരെ വിജ്ഞാന തൊഴിലുകളിലേക്ക് എത്തിക്കുവാനായി സംസ്ഥാന ന്യൂനപക്ഷ കമ്മിഷനും കേരള നോളജ് ഇക്കോണമി മിഷനും സംയുക്തമായി നടപ്പാക്കുന്ന പദ്ധതി ക്യാമ്പസുകളിലേക്കും വ്യാപിപ്പിക്കും. പദ്ധതിയുടെ നടത്തിപ്പിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രത്യേക സംവിധാനം ഒരുക്കും.

തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും ബന്ധിപ്പിക്കുന്ന ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (ഡി.ഡബ്ല്യു.എം.എസ്) എന്ന പോർട്ടൽ വഴിയാണിത്. പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് നൈപുണ്യ പരിശീലനം നൽകി വിജ്ഞാനതൊഴിലുകളിലേക്ക് എത്തിക്കുക എന്നതാണ് പദ്ധതി. പ്ലസ്ടുവോ അതിന് മുകളിലോ യോഗ്യതയുള്ള 18 വയസ്സ് പൂർത്തിയായവർക്ക് പദ്ധതിയുടെ ഭാഗമാകാം. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ആദ്യഘട്ട രജിസ്ട്രേഷൻ പൂർത്തിയാക്കും. തുടർന്നുള്ള മാസങ്ങളിൽ മിഷന്റെ വിവിധ സേവനങ്ങളും നൈപുണ്യ പരിശീലനവും നൽകി തൊഴിൽ സജ്ജരാക്കും. പരിശീലനം പൂർത്തിയാക്കുന്നവർക്ക് പ്രത്യേക മേളകളിലൂടെ തൊഴിൽ ഉറപ്പാക്കുന്നതാണ് പദ്ധതി.

## തൊഴിലാളി സംഘടനകൾ മാഫിയ സംഘങ്ങളായി മാറുന്നു: നിസാമുദ്ദീൻ തച്ചോണം

പനമരം: രാജ്യത്തെ തൊഴിലാളി സംഘടനകൾ ഭരണവർഗത്തിൻറെ റാൻമൂളികളും മുതലാളിമാരുടെ കച്ചട്ടേഷൻ സംഘങ്ങളുമായി മാറുകയാണെന്ന് സോഷ്യൽ ഡെമോക്രാറ്റിക് ട്രേഡ് യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി നിസാമുദ്ദീൻ തച്ചോണം. വ്യാപാരഭവനിൽ എസ്ഡിടിയു ജില്ലാ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

തോട്ടം തൊഴിലാളികളുടെ ക്ഷേമം തൊഴിലാളി സംഘടനകളുടെ അജണ്ടയിലെ ഇനം അല്ലാതായി മാറിയെന്ന് നിസാമുദ്ദീൻ പറഞ്ഞു. വി. മുഹമ്മദലി അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി സലീം കാരാടി, സംസ്ഥാന സമിതിയംഗം ഇസ്മയിൽ കമ്മന എന്നിവർ പ്രസംഗിച്ചു.

## 'മൈക്രോപ്ലാസ്റ്റിക്കിൻറെ സാന്നിധ്യം; വെല്ലുവിളികളും കാഴ്ചപ്പാടുകളും' ദേശീയ സെമിനാർ ഇന്നു തുടങ്ങും

ചങ്ങനാശേരി: അസംപ്ഷൻ കോളജ് കെമിസ്ട്രി വിഭാഗത്തിൻറെ ആഭിമുഖ്യത്തിൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൻറെ സഹകരണത്തോടെ പരിസ്ഥിതിയിലെ 'മൈക്രോ പ്ലാസ്റ്റിക്കിൻറെ സാന്നിധ്യം: വെല്ലുവിളികളും കാഴ്ചപ്പാടുകളും' എന്ന വിഷയത്തിൽ ഇന്നും നാളെയുമായി ദേശീയ സെമിനാർ നടത്തും.

ഇന്നു രാവിലെ 10ന് എംജി സർവകലാശാല സ്കൂൾ ഓഫ് എൻവയോൺമെൻറ് സയൻസ് മുൻ ഡയറക്ടർ ഡോ. ഇ. വി. രാമസാമി സെമിനാർ ഉദ്ഘാടനം ചെയ്യും.

ഡോ. അനു ഗോപിനാഥ് (കുഫോസ്, കൊച്ചി), ഡോ. അനീഷ് കുമാർ വാര്യർ (മണിപ്പാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കർണാടക), ഡോ. ഉഷ കെ. അരവിന്ദ് ( സ്കൂൾ ഓഫ് എൻവയോൺമെൻറൽ സ്റ്റഡീസ്, കുസാറ്റ്), വിഷ്ണു ശ്രീജിത്ത് തുടങ്ങിയവർ വിവിധ സെഷനുകളിലായി വിഷയങ്ങൾ അവതരിപ്പിക്കും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# മെഡിക്കൽ കോളജ് കുടുംബാരോഗ്യ കേന്ദ്രം: പുതിയ കെട്ടിടം നാടിനു സമർപ്പിച്ചു

ഏറ്റുമാനൂർ: ഏറ്റുമാനൂരിലെ കോട്ടയം മെഡിക്കൽ കോളജ് കുടുംബാരോഗ്യ കേന്ദ്രത്തിൽ നിർമാണം പൂർത്തിയായ പുതിയ ഒപി, അത്യാഹിത വിഭാഗം ബ്ലോക്കിൻറെ ഉദ്ഘാടനം മന്ത്രി വീണാ ജോർജ് ഓൺലൈനായി നിർവഹിച്ചു. ആശുപത്രിയങ്കണത്തിൽ നടന്ന ചടങ്ങിൽ മന്ത്രി വി.എൻ. വാസവൻ അധ്യക്ഷത വഹിച്ചു.

ഭാവി വികസനസാധ്യതകൾകൂടി കണ്ടുകൊണ്ടാണ് കെട്ടിടം രൂപപ്പെടുത്തിട്ടുള്ളതെന്നും ഡയാലിസിസ് സെൻറർ പരിസരങ്ങളിലുമുള്ളവർക്ക് ഫലപ്രദമാകുന്ന രീതിയിൽ ആശുപത്രിയെ മാറ്റിയെടുക്കുമെന്നും മന്ത്രി പറഞ്ഞു. നാല് ഡോക്ടർമാരുടെ സേവനം ആരോഗ്യകേന്ദ്രത്തിൽ ലഭ്യമാണ്. ഒപി രാവിലെ ഒമ്പത് മുതൽ വൈകുന്നേരം ആറു വരെ പ്രവർത്തിക്കും.

തോമസ് ചാഴികാടൻ എംപി, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ആര്യ രാജൻ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ് എ.എം. ബിന്നു, ബ്ലോക്ക് പഞ്ചായത്തംഗം കവിതാമോൾ ലാലു, നഗരസഭാംഗം ബീന ഷാജി, ബ്ലോക്ക് പഞ്ചായത്തംഗം എസ്സി തോമസ്, നഗരസഭാംഗങ്ങളായ ഇ.എസ്. ബിജു, രശ്മി ശ്യാം,

ജില്ലാ മെഡിക്കൽ ഓഫീസർ ഇൻ ചാർജ് പി.എൻ. വിദ്യാധരൻ, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ വ്യാസ് സുകുമാരൻ, കോട്ടയം മെഡിക്കൽ കോളജ് വൈസ് പ്രിൻസിപ്പൽ വർഗീസ് പി. പുന്നൂസ്, കോട്ടയം മെഡിക്കൽ കോളജ് കമ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ. സൈറു ഫിലിപ്പ്, കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. അഞ്ജു സി. മാത്യു എന്നിവർ പങ്കെടുത്തു.

# ജനറൽ ആശുപത്രിയിലെ ഡോക്ടർമാരുടെ ഡ്യൂട്ടി ക്രമീകരണം സുഗമമായ നടത്തിപ്പിനെന്ന് സൂപ്രണ്ട്

ചങ്ങനാശേരി: ജനറൽ ആശുപത്രിയിലെ ഡോക്ടർമാരുടെ പുതിയ ഡ്യൂട്ടി ക്രമീകരണം രോഗികളുടെ പരാതിയുടെ അടിസ്ഥാനത്തിൽ ആശുപത്രിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടിയാണെന്ന് സൂപ്രണ്ട് ഡോ. ഉമാദേവി. തുടർച്ചയായി മേജർ ശസ്ത്രക്രിയ വരുന്ന ദിനങ്ങളിൽ ഒരു ഡോക്ടർ ഒപി നോക്കണമെന്നാണ് ഉത്തരവിലുള്ളത്.

ഓർത്തോ, ഗൈനക്കോളജി, സർജറി വിഭാഗം ഡോക്ടർമാർക്കായാണ് ഉത്തരവിറക്കിയത്.

മറ്റ് ഡോക്ടർമാർക്ക് വരുന്ന അധിക ജോലി ഭാരം കുറയ്ക്കുന്നതിനും ചികിത്സ തേടിയെത്തുന്നവർക്കു ഡോക്ടർമാരെ കൺസൾട്ടേഷന് അവസരം ഒരുക്കുന്നതിനും വേണ്ടിയാണ് ഡ്യൂട്ടി ക്രമീകരണമെന്നും സൂപ്രണ്ട് കൂട്ടിച്ചേർത്തു.

ഉത്തരവിൽ അപാകതയുള്ളതായി ഡിഎംഒ ചൂണ്ടിക്കാട്ടിയിട്ടില്ലെന്നും സൂപ്രണ്ട് പറഞ്ഞു. ശസ്ത്രക്രിയ നടക്കുന്ന ദിവസങ്ങളിൽ സർജറി വിഭാഗം ഒപിയിൽ ചികിത്സ തേടിയെത്തുന്നവർക്ക് ഡോക്ടറെ കാണാൻ കഴിയാതെ മടങ്ങേണ്ടിവരുന്ന അവസ്ഥ പരിഹരിക്കാനാണ് നടപടിയെന്നും അവർ ചൂണ്ടിക്കാട്ടി.

ആശുപത്രിയിൽ ആവശ്യത്തിനുള്ള മരുന്നുകളും സാമഗ്രികളും ലഭ്യമാക്കുകയും ദന്ത വിഭാഗത്തിൻറെ പ്രവർത്തനം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഇന്നു നടക്കുന്ന ആശുപത്രി വികസന സമിതി യോഗത്തിൽ ഒപി രജിസ്ട്രേഷൻ വിഭാഗം കമ്പ്യൂട്ടർവത്കരിക്കുന്നതും ഈ കെട്ടിടം ഉദ്ഘാടനം ചെയ്യുന്നതു സംബന്ധിച്ചും തീരുമാനമുണ്ടാകും.

# പാസഞ്ചർ ട്രെയിനുകളിൽ ഓർഡിനറി ടിക്കറ്റ് നിരക്ക് പുനഃസ്ഥാപിച്ച് റെയിൽവേ

കടുത്തുരുത്തി: പാസഞ്ചർ, മെമു ട്രെയിനുകളിൽ കുറഞ്ഞ നിരക്കിലുള്ള ഓർഡിനറി ടിക്കറ്റുകൾ പുനഃസ്ഥാപിച്ച് റെയിൽവേ. കോവിഡിനുശേഷം എക്സ്പ്രസ് സ്പെഷ്യൽ എന്ന പേരിൽ പഴയ സമയക്രമവും സ്റ്റോപ്പുകളും വച്ചു പാസഞ്ചർ ട്രെയിനുകളാണ് എക്സ്പ്രസ് ട്രെയിനുകളുടെ നിരക്ക് വാങ്ങി ഇതുവരെ സർവീസ് നടത്തിയിരുന്നത്. കോവിഡിന് മുമ്പ് പാസഞ്ചറുകളായി സർവീസ് നടത്തിയിരുന്ന മുഴുവൻ ട്രെയിനുകളിലും മെമു ട്രെയിനുകളിലുമാണ് ഇപ്പോൾ ഓർഡിനറി ടിക്കറ്റ് നിരക്ക് പുന:സ്ഥാപിച്ചത്.

ഓർഡിനറി നിരക്ക് പുന:സ്ഥാപിച്ചതോടെ കുറഞ്ഞ ടിക്കറ്റ് നിരക്ക് 30 രൂപയിൽ നിന്നും 10 രൂപയായി കുറഞ്ഞു. പാസഞ്ചർ, മെമു ട്രെയിനുകളിൽ 45 കിലോമീറ്റർ വരെയുള്ള ദൂരത്തിന് ഇനി മുതൽ 10 രൂപ മതി. പിന്നീടുള്ള ഓരോ 25 കിലോമീറ്ററിനും അഞ്ച് രൂപ വീതമാണ് അധികമായി നൽകേണ്ടത്.

നേരത്തേ വൈക്കം റോഡിൽ നിന്നും കൊല്ലം വരെയുള്ള യാത്രക്ക് 60 രൂപയായിരുന്നെങ്കിൽ പാസഞ്ചർ, മെമു ട്രെയിനുകളിൽ ഇനി മുതൽ 30 രൂപ നൽകിയാൽ മതിയാകും. അതുപോലെ വൈക്കം റോഡിൽ നിന്ന് ഇനി മുതൽ പത്ത് രൂപ ടിക്കറ്റിൽ എറണാകുളം, കോട്ടയം, ചങ്ങനാശേരി തുടങ്ങിയ സ്ഥലങ്ങൾ വരെ യാത്ര ചെയ്യാനാവും. വൈക്കത്തു നിന്നു തിരുവല്ലക്ക് 15 രൂപയും ചെങ്ങന്നൂർ, മാവേലിക്കര, കായംകുളം യാത്രയ്ക്ക് 20 രൂപയും കരുനാഗപ്പള്ളി വരെ 25 രൂപയുമാവും ടിക്കറ്റ് നിരക്ക്.

എറണാകുളം കൊല്ലം മെമു രാവിലെ 6.53, എറണാകുളം കോട്ടയം പാസഞ്ചർ രാവിലെ 8.34, എറണാകുളം കൊല്ലം മെമു ഉച്ചയ്ക്ക് 2.25, എറണാകുളം കൊല്ലം മെമു രാത്രി 7.05.

കൊല്ലം എറണാകുളം മെമു രാവിലെ 6.57, കൊല്ലം എറണാകുളം മെമു രാവിലെ 10.34, കൊല്ലം എറണാകുളം മെമു ഉച്ചയ്ക്ക് 1.41, കോട്ടയം എറണാകുളം പാസഞ്ചർ വൈകുന്നേരം 5.48, കൊല്ലം എറണാകുളം മെമു രാത്രി 11.27.

ആപ്പാഞ്ചിറയിലെ വൈക്കം റോഡ് റെയിൽവേ സ്റ്റേഷനിൽ നിന്നും കോട്ടയത്തിനും എറണാകുളത്തിനുമുള്ള ഒരു മാസത്തെ സീസൺ ടിക്കറ്റ് നിരക്ക് 185 ആയും മൂന്ന് മാസത്തെ സീസൺ ടിക്കറ്റ് നിരക്ക് 500 ആയും തുടരും. വൈക്കത്ത് സ്റ്റോപ്പുള്ള കേരള, പാലരുവി, ഗുരുവായൂർ, മധുര, നിലമ്പൂർ തുടങ്ങിയ എക്സ്പ്രസ് ട്രെയിനുകളുടെ നിലവിലെ നിരക്കുകൾ അതേപടി തുടരും.

ടിക്കറ്റ് നിരക്ക് കുറച്ചത് നിലവിൽ വന്നതിനാൽ ടിക്കറ്റ് കൗണ്ടറിലും യുടിഎസ് ആപ്പിലും ഓർഡിനറി ടിക്കറ്റുകൾ ലഭ്യമായി തുടങ്ങി. കോവിഡിനെ തുടർന്ന് വർദ്ധിപ്പിച്ചിരുന്ന നിരക്കുകൾ പിൻവലിച്ച റെയിൽവേ മന്ത്രാലയത്തിൻറെ നടപടി സാധാരണ യാത്രക്കാർക്ക് സഹായകമാണെന്നും നടപടിയെ സ്വാഗതം ചെയ്യുന്നതായും വൈക്കത്തെ യാത്രക്കാരുടെ കൂട്ടായ്മയായ വൈക്കം റോഡ് യൂസേഴ്സ് ഫോറം അറിയിച്ചു.

## കേരളവിരുദ്ധതയ്ക്കും രാഷ്ട്രീയ വേട്ടയാടലിനുമെതിരേ ജനം വിധിയെഴുതുമെന്ന് ജോസ് കെ. മാണി

ഏറ്റുമാനൂർ: സംസ്ഥാനത്തെ സാമ്പത്തികമായി ശ്വാസംമുട്ടിച്ച് വികസന പ്രവർത്തനങ്ങൾ തടയുന്ന കേരള വിരുദ്ധതയ്ക്കും രാഷ്ട്രീയ പ്രതിയോഗികളെ കേന്ദ്ര ഏജൻസികളെ ഉപയോഗിച്ച് വേട്ടയാടുന്ന സമീപനത്തിനുമെതിരായി ജനങ്ങൾ ബാലറ്റിലൂടെ വിധിയെഴുതുമെന്ന് കേരള കോൺഗ്രസ്എം ചെയർമാൻ ജോസ് കെ. മാണി എംപി. കേരള കോൺഗ്രസ് എം ഏറ്റുമാനൂർ നിയോജക മണ്ഡലം പ്രവർത്തക കൺവൻഷൻ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

പ്രസിഡൻറ് ജോസ് ഇടവഴിക്കൽ അധ്യക്ഷത വഹിച്ചു. പ്രമോദ് നാരായണൻ എംഎൽഎ, പ്രഫ. ലോപ്പസ് മാത്യു, മാലേത്ത് പ്രതാപചന്ദ്രൻ, ഷെയിൻ ജോസഫ്, ഷീല തോമസ്, എൻ.എ. മാത്യു, തങ്കച്ചൻ പൊന്മാങ്കൽ, ജോർജ് പുല്ലാട്, മനോജ് ജോസ്, ബിറ്റു വൃന്ദാവൻ, ജോഷി ഇലഞ്ഞിയിൽ, സിബി വെട്ടൂർ, തമ്പി കാഞ്ഞിരം, രാജേഷ് ചാണ്ടി, ജയിംസ് തിട്ടാല, മാത്യു നീണ്ടൂർ, വിജി ഫ്രാൻസിസ്, പൊന്നപ്പൻ കരിപ്പുറം എന്നിവർ പ്രസംഗിച്ചു.



നേമം പോലീസ് സ്റ്റേഷൻ വിശ്രമ മന്ദിരം മന്ത്രി വി.ശിവൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു

# ചങ്ങനാശേരി മേഖലയിൽ കൊയ്ത്ത് അടുത്തയാഴ്ച ആരംഭിക്കും

ചങ്ങനാശേരി: ചങ്ങനാശേരി നിയോജകമണ്ഡലം പരിധിയിലെ പള്ളം, മാടപ്പള്ളി ബ്ലോക്കുകളിൽ ഉൾപ്പെട്ട കുറിച്ചി, വാഴപ്പള്ളി, പായിപ്പാട് പഞ്ചായത്തുകളിലും ചങ്ങനാശേരി മുനിസിപ്പാലിറ്റിയിലുമുള്ള പാടങ്ങളിൽ അടുത്തയാഴ്ചമുതൽ കൊയ്ത്താരംഭിക്കാൻ ജോബ് മൈക്കിൾ എംഎൽഎ വിളിച്ച് ചേർത്ത യോഗത്തിൽ തീരുമാനം.

മാർച്ച് നാലിന് വാഴപ്പള്ളി പഞ്ചായത്തിലെ ഈരത്ര, ഇഞ്ചൻതുരുത്ത് പാടശേഖരങ്ങളിൽ നെല്ല് കൊയ്ത്ത് ആരംഭിക്കുന്നതോടെ നിയോജകമണ്ഡലത്തിലെ കൊയ്ത്തിനു തുടക്കമാകും. നഗരസഭാ പരിധിയിലെ ചാലുവേലി പാടത്ത് ഏപ്രിൽ അവസാന ആഴ്ച കൊയ്ത്തു നടക്കുന്നതോടെ പുഞ്ചക്കൊയ്ത്ത് സമാപിക്കും.

നിയോജമണ്ഡലത്തിൽ രണ്ടായിരത്തിയഞ്ഞൂറോളം ഹെകട്റിലാണ് പുഞ്ചകൃഷി കൊയ്ത്തിനു പാകമായിരിക്കുന്നത്. നിലവിൽ നല്ല വിളവ് കിട്ടിയേക്കുമെന്ന് കർഷകർ യോഗത്തിൽ അഭിപ്രായം പ്രകടിപ്പിച്ചു. കൊയ്ത്തുമെതി യന്ത്രങ്ങൾ യഥാസമയം ലഭ്യമാകുന്നതിനുവേണ്ടുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പാടേശഖര സമിതി ഭാരവാഹികൾ പറഞ്ഞു.

എംഎൽഎ യുടെ ഇടപെടലിലൂടെ കിഴിവ് കുറച്ച് കിട്ടിയതുപോലെ ഇപ്രാവശ്യവും അത്തരത്തിലുള്ള ഒരു ഇടപെടൽ എംഎൽഎ നടത്തണമെന്ന് കർഷകർ അഭിപ്രായപ്പെട്ടു. കൃഷിക്കാർക്കു ലാഭം കിട്ടാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതിനായി പാഡി ഓഫീസർമാർക്ക് നിർദ്ദേശം നൽകി ഓരോ പാടശേഖരത്തിലേക്കും വേണ്ട ഉദ്യോഗസ്ഥരെ നിയോഗിച്ചതായും ജോബ് മൈക്കിൾ എംഎൽഎ പറഞ്ഞു.

ബ്ലോക്ക് പ്രസിഡൻറുമാർ, പഞ്ചായത്ത്, മുനിസിപ്പാലിറ്റി അധ്യക്ഷന്മാർ, അഗ്രികൾച്ചർ അസിസ്റ്റൻറ് ഡയറക്ടർമാർ, കൃഷി ഓഫീസർമാർ, പാടശേഖര സമിതി ഭാരവാഹികൾ, കർഷക പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# സഞ്ചാരികൾക്ക് അപകട ഭീഷണിയായി വിഴിഞ്ഞം മതിപ്പുറം

വിഴിഞ്ഞം: തകർന്ന നടപ്പാതയും പ്രകാശിക്കാത്ത തെരുവ് വിളക്കുകളും തകർന്നടിഞ്ഞ സുരക്ഷാ വേലിയും സഞ്ചാരികളുടെ സുരക്ഷക്ക് ഭീഷണി ഉയർത്തുന്നതായി മാറിയിരിക്കുന്നു.

നിരവധി പരാതികൾ ലഭിച്ചിവെങ്കിലും അധികൃതർ കൃത!്യമായി വിഷയത്തിൽ ഇടപെടുന്നില്ലെന്ന നാട്ടുകാർ ആക്ഷേപം ഉയർത്തുന്നു. വിഴിഞ്ഞത്തിനും കോവളത്തിനുമിടയിലുള്ള പ്രകൃതി രമണിയമായ കടൽക്കരയാണ് മതിപ്പുറം.

വിശാലമായ രീതിയിൽ ഉൾക്കടൽ വരെ കാണാമെന്നതും കേരളത്തിൻറെ സ്വപ്ന പദ്ധതിയായ അന്താരാഷ്ട്രതുറമുഖ നിർമാണം തടസമില്ലാതെ വീക്ഷിക്കാമെന്നതുമാണ് ഇവിടത്തെ പ്രത്യേകത .

കൂടാതെ കപ്പലുകളുടെ ശേഷി പരിശോധിക്കുന്ന ബൊള്ളാർഡ് പുൾടെസ്റ്റിംഗ് കേന്ദ്രം , വിഴിഞ്ഞം തുറമുഖം എന്നിവയും മതിപ്പുറത്തിൻറെ പ്രത്യേകതയാണ്. തൊട്ടടുത്ത കോവളവും, കേന്ദ്ര സർക്കാർ സ്ഥാപനമായ മറൈൻ അക്വാറിയവും കാണാനെത്തുന്ന സഞ്ചാരികളുടെ ഇഷ്ട കേന്ദ്രമായി മതിപ്പുറം മാറിയതോടെ പ്രദേശത്ത് തിരക്കും വർദ്ധിച്ചു.

എന്നാൽ നടപ്പാത കഴിഞ്ഞാൽ ഏറെയും അപകടം പതിയിരിക്കുന്ന പാറക്കെട്ടുകളാണ്. പ്രദേശത്തെ അപകടം മനസിലാക്കാതെ പാറക്കെട്ടിൽ കയറിയ പലരും അപകടത്തിൽ മരണപ്പെട്ടതായും നാട്ടുകാർ പറയുന്നു.

പ്രദേശത്ത് അപകടങ്ങൾ വർദ്ധിച്ചതോടെ ബൊള്ളാർഡ് പുൾ ടെസ്റ്റിംഗ് കേന്ദ്രത്തിൽ നിന്ന് താഴെക്കുള്ള വഴി അധികൃതർ അടച്ചു. സഞ്ചാരികളെ ആകർഷിക്കാൻ ലക്ഷങ്ങൾ മുടക്കി നടപ്പാത മോടിപിടിപ്പിച്ച് കുട്ടികളുടെ പാർക്ക് വരെ തയ്യാറാക്കി സുരക്ഷാ വേലിയും നിർമിച്ചു. എന്നാൽ സംരക്ഷണയില്ലാതെ വന്നതോടെ എല്ലാം നശിക്കുകയാണ്.

വിനോദ സഞ്ചാരമേഖലക്കിണങ്ങുന്ന തരത്തിൽ സ്ഥാപിച്ച എല്ലാ ആഡംബര ലൈറ്റുകളും പ്രദേശത്ത് കണ്ണടച്ചു. നിലവിൽ തൊട്ടടുത്തെ ഹൈമാസ്റ്റ് ലൈറ്റിൻറെ വെട്ടത്തിലാണ് സഞ്ചാരികളുടെ നടത്തം.

## പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കാൻ മുഖ്യമന്ത്രിയുടെ നിർദ്ദേശം

വയനാട് പൂക്കോട് വെറ്ററിനറി സർവ്വകലാശാലയിലെ വിദ്യാർത്ഥി സിദ്ധാർത്ഥിന്റെ മരണത്തിൽ പ്രത്യേക അന്വേഷണസംഘം രൂപീകരിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകി.



## FORM IV

**Statement about ownership and other particulers about newspaper "NAUTICAL TIMES KERALA"**

| | | |
|---|---|---|
| Place of publication | : | THIRUVANANTHAPURAM. |
| Periodicity of publication | : | DAILY |
| Printers Name | : | YESUDAS WILLIAM |
| Nationality | : | INDIAN |
| Address | : | `DARPAN', T.C 76/189 (1), THOPPIL LANE, ANAYARA P.O, THIRUVANANTHAPURAM-29 |
| Printers Name | : | YESUDAS WILLIAM |
| Nationality | : | INDIAN. |
| Address | : | YESUDAS WILLIAM `DARPAN', T.C 76/189 (1), THOPPIL LANE, ANAYARA P.O, THIRUVANANTHAPURAM-29 |
| Names and address of individuals who own the newspaper and partners or shareholders holdingmorethan one per cent of the total capital | : | YESUDAS WILLIAM `DARPAN', T.C 76/189 (1), THOPPIL LANE, ANAYARA P.O, THIRUVANANTHAPURAM-29 |

I , YESUDAS WILLIAM, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Signature of Editor, Printer, Publisher and Owner

Date 01-03-2024


# ലോക്സഭയിലേക്ക് നാലാം അങ്കം, ഇത്തവണ ജന്മനാട്ടിൽ; പാർട്ടി ഏൽപ്പിച്ചത് വലിയ ഉത്തരവാദിത്വമെന്ന് ഇ.ടി.

മലപ്പുറം: മുസ്ലിംലീഗ് ദേശീയ ഓർഗനൈസിങ് സെക്രട്ടറി ഇ.ടി. മുഹമ്മദ് ബഷീറിന് ലോക്സഭയിലേക്കുള്ള നാലാമത്തെ അങ്കമാണിത്. 2009, 2014, 2019 വർഷങ്ങളിൽ പൊന്നാനിയിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ടു. ആദ്യമായാണ് ജന്മനാട്ടിൽ മത്സരിക്കാൻ അവസരം കിട്ടുന്നത്. അതിന്റെ ആഹ്ലാദത്തിലാണ് സ്ഥാനാർഥി.

1985ൽ പെരിങ്ങളം നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ ജയിച്ചാണ് ഇ.ടി.യുടെ തുടക്കം. 1991ൽ തിരൂരിൽനിന്ന് ജയിച്ച് വിദ്യാഭ്യാസ മന്ത്രിയായി. 1996, 2001 വർഷങ്ങളിൽ ജയം ആവർത്തിച്ചു. വീണ്ടും വിദ്യാഭ്യാസ മന്ത്രിയുമായി.

ജീവകാരുണ്യ പ്രവർത്തനത്തിൽ മുൻപന്തിയിലുള്ള സി.എച്ച്. സെന്റർ എന്ന ആശയത്തിലും ഇ.ടിയുടെ കൈയൊപ്പുണ്ട്. കേരളത്തിലെ ഏറ്റവും വലിയ സി.എച്ച്. സെന്ററായ തിരുവനന്തപുരം കേന്ദ്രത്തിന്റെ പ്രസിഡന്റാണ്.



എം.എസ്.എഫിലൂടെയാണ് രാഷ്ട്രീയപ്രവേശം. മാവൂർ ഗ്വാളിയോർ റയോൺസ് ജീവനക്കാരനായിരിക്കേ തൊഴിലാളി വിഷയങ്ങളിൽ ഇടപെട്ട് എസ്.ടി.യു. നേതാവായി. മുസ്ലിം യൂത്ത്ലീഗ് സ്ഥാപക നേതാക്കളിലൊരാളാണ്.

1964ലെ സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ പ്രസംഗ മത്സരത്തിൽ ഒന്നാംസ്ഥാനം നേടിയ ഇ.ടി. ഹൈസ്കൂൾ പഠനകാലം മുതൽ പാർട്ടി വേദികളിൽ നിറഞ്ഞുനിന്നു. എസ്.ടി.യു. സംസ്ഥാന ജനറൽ സെക്രട്ടറി, ലീഗ് സംസ്ഥാന സെക്രട്ടറി, പാർലമെന്റ് പാർട്ടി ലീഡർ, ലീഗിന്റെ ഔദ്യോഗിക വക്താവ് എന്നീ നിലകളിലും പ്രവർത്തിച്ചു.

വിദ്യാഭ്യാസ മന്ത്രിയായ കാലത്ത് സൗജന്യ പ്ലസ് ടു വിദ്യാഭ്യാസം, എസ്.എസ്.എൽ.സിക്ക് ഗ്രേഡിങ് സംവിധാനം എന്നിവ നടപ്പാക്കി. അദ്ദേഹം മന്ത്രിയായ കാലത്താണ് സംസ്കൃത, കണ്ണൂർ, നിയമ സർവകലാശാലകൾ തുടങ്ങിയത്. സ്വന്തം മണ്ഡലത്തിൽ നിന്ന് ആദ്യമായി മത്സരിക്കാൻ കഴിയുന്നത് രാഷ്ട്രീയ പ്രവർത്തകന് സായുജ്യമുണ്ടാക്കുന്ന ഘടകമാണ്. വലിയ ഉത്തരവാദിത്വമാണ് പാർട്ടി ഏൽപ്പിച്ചത്. കൂടുതൽ വോട്ടോടെ ജയിക്കണമെന്നും പാർലമെന്റിലും മണ്ഡലത്തിലും കൂടുതൽ മികച്ച രീതിയിൽ പ്രവർത്തിക്കണമെന്നുമാണ് ഉദ്ദേശിക്കുന്നത്. യുവനേതാവാണ് എതിർസ്ഥാനാർഥി എന്നതിൽ കാര്യമില്ല. പ്രായമല്ല, ആശയമാണ് പ്രധാനം. യു.ഡി.എഫിന്റെ ആശയം കേരളത്തിനറിയാം. വ്യക്തിക്കല്ല, ആ തത്വത്തിനാണ് വോട്ടുചോദിക്കുന്നത്. ഞങ്ങൾക്ക് ജനസമ്മതിയുണ്ട്. വലിയ ഭൂരിപക്ഷത്തിൽ ജയിക്കും.